09
2026
മേയ്
ശനി
മേടം 26

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391






തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 96 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-96 പേജ് 4. വില 2.00 രൂപ



02 സതീശൻ അനുകൂല പ്രകടനം; നാല് പേരെ പദവിയിൽ നിന്ന് നീക്കി

03 സൂര്യയുഗം അവസാനിക്കുന്നു; ട്വൻറി 20 ടീമിൽ അഴിച്ചു പണിക്ക് സാധ്യത

04 മുഖ്യമന്ത്രി സ്ഥാനം: സംസ്ഥാനത്ത് ഫ്ലക്സ് യുദ്ധം


# മുഖ്യമന്ത്രിപദത്തിന് ഫോർമുല തയാറാക്കുന്നു



ന്യൂഡൽഹി: കേരളത്തിലെ മുഖ്യമന്ത്രി സ്ഥാനത്തിനു വേണ്ടിയുള്ള പോര് രൂക്ഷമായതിനു പിന്നാലെ പ്രശ്നം പരിഹരിക്കാൻ ഫോർമുല തയാറാക്കുന്ന തിരക്കിൽ ഹൈക്കമാൻഡ്. വി.ഡി. സതീശൻ, കെ.സി. വേണുഗോപാൽ, രമേശ് ചെന്നിത്തല എന്നിവരാണ് മുഖ്യസ്ഥാനത്തിനായി അവകാശവാദമുന്നയിച്ച് രംഗത്തുള്ളത്. മൂവർക്കും വേണ്ടി അണികൾ തെരുവിലിറങ്ങുന്ന സ്ഥിതി ആയതോടെ ഹൈക്കമാൻഡ് വിഷയത്തിൽ ഊർജിതമായി ഇടപെട്ടിരിക്കുകയാണ്. വിഷയം തെരുവിലേക്ക് പോയതിൽ കടുത്ത അതൃപ്തിയിലാണ് ഹൈക്കമാൻഡ്.

നാടെങ്ങും ഫ്ളെക്സ് ബോർഡുകൾ സ്ഥാപിച്ചും പ്രകടനങ്ങൾ നടത്തിയുമാണ് അനുയായികൾ പിന്തുണ പ്രഖ്യാപനം നടത്തുന്നത്. ഇതു മാധ്യമങ്ങളിൽ വലിയ വാർത്തയായതോടെയാണ് പ്രതിരോധത്തിലായിരിക്കുകയാണ് കോൺഗ്രസ് നേതൃത്വം. മിന്നുന്ന വിജയത്തിൻറെ തിളക്കം വിവാദത്തിൽ മുങ്ങുമോയെന്ന ആശങ്ക ഘടകകക്ഷികൾ അടക്കം പ്രകടിപ്പിച്ചു കഴിഞ്ഞു. ഇതോടെ അവകാശവാദമുന്നയിച്ച നേതാക്കൾ എത്രയും വേഗം സമവായത്തിൽ എത്തിച്ചേരണമെന്നു നിർദേശിച്ചിരിക്കുകയാണ് നേതൃത്വം.

നിരീക്ഷകരായി എത്തിയ മുകുൾ വാസ്നിക്കും അജയ് മാക്കനും നൽകിയ റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനൊപ്പം സമവായ നീക്കം നേതൃത്വം മുന്നോട്ടുവയ്ക്കും. കേരളത്തിലെ ഇപ്പോഴത്തെ സാഹചര്യം എന്താണെന്നു ശശി തരൂർ എംപി എഐസിസി പ്രസിഡൻറ് മല്ലികാർജുൻ ഖർഗെയെ ധരിപ്പിച്ചിരുന്നു. കേരളത്തിൽ ഇപ്പോൾ നടക്കുന്ന പ്രതികരണങ്ങളും പ്രകടനങ്ങളുമെല്ലാം നേതൃത്വത്തിൻറെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഇതുകൂടി പരിഗണിച്ചുള്ള ഫോർമുലയാണ് തയാറാക്കുന്നത്.

അവകാശവാദമുന്നയിച്ചു രംഗത്തുള്ളതിൽ ഒരാൾ ശക്തി തെളിയിച്ച ശേഷം പിന്മാറുമെന്ന പ്രതീക്ഷയാണ് ഹൈക്കമാൻഡ് വൃത്തങ്ങളിൽ ഇപ്പോഴുള്ളത്. ഒപ്പം നിൽക്കുന്ന വിശ്വസ്തർക്കു മന്ത്രിസ്ഥാനം ഉറപ്പു നൽകിയാൽ പിൻമാറാൻ സന്നദ്ധരാകുമെന്ന പ്രതീക്ഷയും ഹൈക്കമാൻഡ് വൃത്തങ്ങൾക്കുണ്ട്.

അങ്ങനെ വന്നാൽ നാളെത്തന്നെ ഒറ്റപ്പേരിലേക്ക് എത്തിച്ചേരാൻ കഴിയുമെന്നാണ് പ്രതീക്ഷ. ഇതിനിടെ, പിന്തുണയുടെയും പ്രതിഷേധത്തിൻറെയും പേരിൽ നേതാക്കളെ വ്യക്തിപരമായി അവഹേളിക്കാൻ നടക്കുന്ന ശ്രമങ്ങൾ നേതൃത്വത്തെ അലോസരപ്പെടുത്തിയിട്ടുണ്ട്. ഡൽഹിയിൽ പോലും അവഹേളനപരമായ ബാനർ പ്രത്യക്ഷപ്പെട്ടിരുന്നു.

ഇതിനിടെ, കേന്ദ്രനിരീക്ഷകരായി എത്തിയ സംഘത്തിൻറെ പക്കിൽനിന്ന് എംഎൽഎമാരുടെ അഭിപ്രായം രേഖപ്പെടുത്തിയ രേഖ ഇന്നലെ ചോർന്നത് എംഎൽഎമാർക്കിടയിൽ അതൃപ്തി പടർത്തി. തങ്ങൾ രഹസ്യമായി പറഞ്ഞ കാര്യം മാധ്യമങ്ങൾക്കു ലഭിക്കും വിധം അശ്രദ്ധമായിട്ടാണ് നേതാക്കൾ കൈകാര്യംചെയ്തതെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു.

കൂടിക്കാഴ്ച പൂർത്തിയാക്കി പുറത്തിറങ്ങിയ മുകുൾ വാസ്നിക്കിൻറെ കൈയിലുണ്ടായിരുന്ന അഭിപ്രായം രേഖപ്പെടുത്തിയ ലിസ്റ്റ് ആണ് ഒരു പത്രഫോട്ടോഗ്രാഫർ പകർത്തിയത്. ഏതാനും എംഎൽഎമാർ ആരെയാണ് പിന്തുണയ്ക്കുന്നതെന്ന് ഇതിൽ രേഖപ്പെടുത്തിയിരുന്നു.

അതേസമയം, മുഖ്യമന്ത്രി ചർച്ചകളിൽ എംഎൽഎമാരുടെ അഭിപ്രായം രേഖപ്പെടുത്തിയെന്ന രീതിയിൽ പുറത്തുവന്ന രേഖ എഐസിസി നിരീക്ഷകർ തള്ളി. പുറത്തുവന്നത് യാഥാർഥ രേഖയല്ലെന്നും മുഖ്യമന്ത്രിയാരെന്നതിൽ തീരുമാനം ഉടൻ ഉണ്ടാകുമെന്നും നിരീക്ഷകരായ മുകുൾ വാസ്നിക്കും അജയ് മാക്കനും പറഞ്ഞു. കൂടിയാലോചനക്ക് ശേഷമുള്ള വിവരങ്ങളല്ല അതിൽ പ്രതിഫലിക്കുന്നത്. എല്ലാം ഉൾക്കൊള്ളിച്ചുള്ള വിശദമായ റിപ്പോർട്ടാണ് കോൺഗ്രസ് അധ്യക്ഷന് നൽകിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## മുഖ്യമന്ത്രി കസേര ഉറപ്പിച്ച് വിജയ്; ഇടതുപക്ഷവും സിവികെയും പിന്തുണയ്ക്കും



ചെന്നൈ: തമിഴ്നാട് മുഖ്യമന്ത്രിസ്ഥാനം ഉറപ്പിച്ച് വിജയ്. ഇടതുപാർട്ടികളും വിസികെയും ടിവികെയെ പിന്തുണയ്ക്കും. ഇതോടെ കേവല ഭൂരിപക്ഷത്തിന് ആവശ്യമായ 118 എന്ന നമ്പർ വിജയിയുടെ തമിഴക വെട്രി കഴകം (ടിവികെ) ഉറപ്പിച്ചു.

ഭൂരിപക്ഷം തെളിയിക്കുന്ന രേഖകളുമായി വിജയ് ഇന്ന് വൈകീട്ട് ആറിന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറെ കണ്ട് സർക്കാർ രൂപവത്കരിക്കാനുള്ള അവകാശവാദം ഉന്നയിക്കും. ഇതിന് മുന്നോടിയായി പിന്തുണക്കുന്ന കക്ഷികൾ സംയുക്ത വാർത്തസമ്മേളനം നടത്തുമെന്നും റിപ്പോർട്ടുണ്ട്.

ഡിഎംകെ സഖ്യത്തിൻറെ ഭാഗമായ സിപിഐ, സിപിഎം, വിസികെ പാർട്ടികളാണ് വിജയ്ക്ക് പിന്തുണ പ്രഖ്യാപിച്ചത്. മൂന്നു പാർട്ടികൾക്കും രണ്ടു വീതം എംഎൽഎമാരുണ്ട്. ടിവികെയ്ക്ക് 107 എംഎൽഎമാരാണുള്ളത്.

അഞ്ച് എംഎൽഎമാരുള്ള കോൺഗ്രസ് നേരത്തെ പിന്തുണ പ്രഖ്യാപിച്ചിരുന്നു. സിപിഎം, സിപിഐ, സിവികെ കക്ഷികളുടെ പിന്തുണ കൂടി ലഭിക്കുന്നതോടെ കേവല ഭൂരിപക്ഷമായ 118ലെത്തും.



**കേരള മാരിടൈം ബോർഡിന്റെ സ്പെഷ്യൽ എൻഫോസ്മെന്റ് ടീം കേരളത്തിലെ ബോട്ട് യാർഡുകളിൽ പരിശോധന ആരംഭിച്ചു. യാർഡുകളുടെ കണ്ടീഷൻ, അനുവാദമില്ലാതെയുള്ള ബോട്ട് നിർമാണം, മറ്റു സുരക്ഷ മാനദണ്ഡങ്ങൾ എന്നിവ പരിശോദിച്ചു. ടീം കണ്ണൂർ ജില്ലയിൽ ഇന്നലെയും കോഴിക്കോട് ജില്ലയിൽ ഇന്നും പരിശോധന നടത്തി. വരുദിവസങ്ങളിൽ മറ്റു ജില്ലകളിലും പരിശോധന തുടരും.**

## പുതുച്ചേരിയിൽ എൻ. രംഗസ്വാമി മുഖ്യമന്ത്രിയായി തുടരും

പുതുച്ചേരി: എൻഡിഎ തുടർ വിജയം നേടിയ പുതുച്ചേരിയിൽ ഓൾ ഇന്ത്യ എൻആർ കോൺഗ്രസ് നേതാവ് എൻ. രംഗസ്വാമി മുഖ്യമന്ത്രിയായി തുടരും. ഇന്ന് ചേർന്ന നിയമസഭാ കക്ഷി യോഗം രംഗസ്വാമിയെ നേതാവായി തെരഞ്ഞെടുത്തു.ആഭ്യന്തരമന്ത്രിയായിരുന്ന എ. നമശിവായത്തെ എൻഡിഎയുടെ ഉപനേതാവായായും തെരഞ്ഞെടുത്തു. തെരഞ്ഞെടുപ്പിൽ എൻആർ കോൺഗ്രസ് 12 സീറ്റും ബിജെപി നാല് സീറ്റുമാണ് നേടിയത്. എഐഎഡിഎംകെ ഒരു സീറ്റും വിജയിച്ചു.രംഗസ്വാമി തട്ടാംചാവടി മണ്ഡലത്തിൽ നിന്നാണ് തെരഞ്ഞെടുക്കപ്പെട്ടത്. 4441 വോട്ടിൻറെ ഭൂരിപക്ഷത്തിലാണ് രംഗസ്വാമി വിജയിച്ചത്.

## അവയവ ദാനത്തിന് വ്യാജ രേഖ; പിന്നിൽ വൻ റാക്കറ്റ് എന്ന് പോലീസ്, ഏജൻറുമാരെ കണ്ടെത്താൻ നീക്കം

കൊച്ചി: എറണാകുളത്ത് അവയവദാനത്തിനായി വ്യാജ രേഖ ചമച്ചതിന് പിന്നിൽ വൻ റാക്കറ്റുണ്ടെന്ന് പോലീസ്. കാസർഗോഡ് സ്വദേശി നജീബ് ആണ് റാക്കറ്റിനെ നിയന്ത്രിച്ചിരുന്നത്. നജീബിനെ സഹായിച്ച കുന്നത്തുനാട് സൺ കമ്യൂണിക്കേഷൻസ് ഉടമ സണ്ണി വർഗീസ്, ഭാര്യ സിനി വർഗീസ് എന്നിവരടക്കം അഞ്ചു പേരാണ് പോലീസ് പിടിയിലായത്.

അവയവദാനത്തിന് ആവശ്യമായ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, എംപിമാരുടെയും എംഎൽഎമാരുടെയും ശിപാർശ കത്തുകൾ, ഡോക്ടർമാരുടെയും ആശുപത്രികളുടെയും വ്യാജ സീലുകൾ എന്നിവ ഉപയോഗിച്ച് വ്യാജ രേഖകൾ ചമയ്ക്കുകയായിരുന്നു ഇവർ ചെയ്തിരുന്നത്.

ഡിജിറ്റൽ ട്രാൻസാക്ഷൻ വഴിയും അല്ലാതെയും പ്രതികൾക്ക് നജീബ് പണം നൽകിയിരുന്നത്. നജീബ് നൽകിയ പേപ്പപറുകൾ പ്രിൻറ് എടുത്ത് നൽകുകയാണ് ഇവർ ചെയ്തത്. ആദ്യം മാറ്റർ അയക്കും അത് കോപ്പി എടുത്ത് തിരിച്ച് അയയ്ക്കുകയാണ് ചെയ്യുക.

കേസിൽ എറണാകുളം റൂറൽ പോലീസ് അന്വേഷണം ഊർജിതമാക്കി. പള്ളിക്കരയിലെ കമ്പ്യൂട്ടർ സെൻററുകൾ കേന്ദ്രീകരിച്ച് ഇന്നലെ വ്യാപക പരിശോധന നടന്നിരുന്നു. മൂന്നു വർഷമായി പ്രതികൾ വ്യാജ രേഖ ഉണ്ടാക്കുന്നുണ്ടെന്ന് പോലീസ് കണ്ടെത്തി.

സണ്ണി വർഗീസിൻറെ ഡിടിപി സെൻററിൽ നിന്നും സ്റ്റുഡിയോയിൽ നിന്നുമായി സ്വകാര്യ ആശുപത്രികളുടെ ബ്ലാങ്ക് ലെറ്റർ പാഡ്, വ്യാജ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർമിക്കുന്നതിനുള്ള രേഖകൾ, മെഡിക്കൽ ലാബുകളുടെ ലെറ്റർപാടുകളും കണ്ടെത്തിയിരുന്നു.

ഫോട്ടോഷോപ്പ് ഉപയോഗിച്ച് രേഖകൾ കൃത്രിമമായി നിർമ്മിക്കാൻ ഇവരെ സഹായിച്ചത് കുന്നത്തുനാട് പള്ളിക്കരയിലെ സ്റ്റുഡിയോയിലെ ജീവനക്കാരൻ സനോജ് ആണെന്നാണ് പോലീസിൻറെ കണ്ടെത്തൽ. സ്റ്റുഡിയോയിലെ കമ്പ്യൂട്ടറിൽ നിന്നും പോലീസ് വ്യാജ രേഖകൾ കണ്ടെത്തിയിട്ടുണ്ട്.

## കെഎസ്ആർടിസിയിൽ പുതിയ മാറ്റം; നാളെ മുതൽ ജെൻഡർ ടിക്കറ്റി ങ്

തിരുവനന്തപുരം: കെഎസ്ആർടിസി ബസുകളിൽ ശനിയാഴ്ച മുതൽ 'ജെൻഡർ ടിക്കറ്റിങ്' സംവിധാനം നടപ്പിലാക്കുന്നു. പുതിയ പരിഷ്കാരം അനുസരിച്ച്, കണ്ടക്ടർമാർ ഇലക്ട്രോണിക് ടിക്കറ്റിങ് മെഷീനുകൾ വഴി ടിക്കറ്റ് നൽകുമ്പോൾ 'പുരുഷൻ' അല്ലെങ്കിൽ 'സ്ത്രീ' എന്ന് കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഇതിനാവശ്യമായ മാറ്റങ്ങൾ ഇടിഎം സോഫ്റ്റ്വയറിൽ വരുത്തിയിട്ടുണ്ടെന്നും യാത്രക്കാർക്ക് ടിക്കറ്റ് വിതരണം ചെയ്യുമ്പോൾ ഇത് ഉചിതമായി ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും കെഎസ്ആർടിസി ഐടി വിഭാഗം ഡെപ്യൂട്ടി ജനറൽ മാനേജർ നിശാന്ത് എസ് പുറത്തിറക്കിയ ഉത്തരവിൽ നിർദ്ദേശിക്കുന്നു. എല്ലാ ഡിപ്പോകളിലും ഈ നിർദ്ദേശം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ യൂണിറ്റ് ഓഫീസർമാർക്ക് ആസ്ഥാനത്ത് നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുഫോസ് പിജി എൻട്രൻസ് 30ന്

2026 വർഷത്തെ കുഫോസ് പി. ജി. പ്രവേശന പരീക്ഷ കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ വിവിധ കേന്ദ്രങ്ങളിൽ 30. 05.2026 (ശനിയാഴ്ച)ഓൺലൈനായി നടക്കും.ഹാൾടിക്കറ്റ് 26.05.2026 മുതൽ കുഫോസ് അഡ്മിഷൻ പോർട്ടിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. വിശദവിവരങ്ങൾക്ക് www. kufos. ac. in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അന്വേഷണങ്ങൾക്ക് 0484-2275030, 5035 എന്ന നമ്പറിലോ ce@kufos. ac. in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

## വിജയനേടിയ യുഡിഎഫിന് അഭിനന്ദനങ്ങൾ: സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ..

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി നിർണയത്തിൽ മത്സ്യത്തൊഴിലാളി സമൂഹത്തിന് യഥാർത്ഥ പ്രാതിനിധ്യം നൽകാൻ മുന്നിട്ടിറങ്ങിയ യുഡിഎഫിനെയും കോൺഗ്രസിനെയും സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ അഭിനന്ദിച്ചു.

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ശബ്ദം നിയമസഭയിൽ പ്രതിഫലിക്കുന്ന തരത്തിലുള്ള ഈ തീരുമാനം സ്വാഗതാർഹമാണെന്ന് ഫെഡറേഷൻ വ്യക്തമാക്കി. മന്ത്രിസഭയിലും മത്സ്യ മേഖലയുമായി ബന്ധപ്പെട്ട വിവിധ ബോർഡുകളിലും സ്ഥാപനങ്ങളിലുമെല്ലാം മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ പ്രാതിനിധ്യം ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടു.

കഴിഞ്ഞ ഭരണകാലത്ത് അവഗണിക്കപ്പെട്ട അടിസ്ഥാന വികസന-ക്ഷേമ പദ്ധതികൾക്ക് മുൻഗണന നൽകി നടപ്പാക്കണമെന്നും, തീരദേശ മേഖലയിലെ ജനങ്ങളുടെ അടിയന്തിര പ്രശ്നങ്ങൾ പരിഹരിക്കണമെന്നും ആവശ്യപ്പെട്ടു. കടലാക്രമണ ഭീഷണി നേരിടുന്ന മുഴുവൻ വീടുകളും സംരക്ഷിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. സുരക്ഷിത പുനരധിവാസം ഉറപ്പാക്കണമെന്നും ഫെഡറേഷൻ ആവശ്യപ്പെട്ടു. തീരത്തോട് ചേർന്ന് തകർന്നുകിടക്കുന്ന പുലിമുട്ടുകളും ഹാർബറുകളും പുനർനിർമിച്ച് മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായ മത്സ്യബന്ധന സൗകര്യം ഒരുക്കണമെന്നും അവർ കൂട്ടിച്ചേർത്തു.

സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി. സ്റ്റെല്ലസ്, സംസ്ഥാന ചീഫ് കോർഡിനേറ്റർ ഡോ. എഫ്. എം. ലാസർ എന്നിവർ സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.




# കവടിയാർ കൊട്ടാരത്തിലെ മോഷണം : ഇനിയും തെളിവുകൾ ലഭിക്കാതെ പോലീസ്

പേരൂർക്കട: രണ്ടുകോടിയിലേറെ രൂപ വിലമതിക്കുന്ന സ്വർണാഭരണ മോഷണവുമായി ബന്ധപ്പെട്ട് അന്വേഷണത്തെ സഹായിക്കുന്ന തെളിവുകളൊന്നും ഇതുവരെയും ലഭിക്കാതെ പോലീസ്. കവടിയാർ കൊട്ടാരത്തിലെ സ്വർണാഭരണ മോഷണത്തിലാണ് അന്വേഷണം എങ്ങുമെത്താതെ നിൽക്കുന്നത്. കേസന്വേഷണത്തിന്റെ ഭാഗമായി കൊട്ടാരം നിവാസികളിൽ നിന്നും ഇവരുടെ ബന്ധുക്കളിൽ നിന്നും മൊഴിയെടുക്കുന്നതുപോലും പൂർത്തീകരിച്ചില്ല.

2025 ഒക്ടോബർ, നവംബർ കാലത്തു നടന്ന മോഷണത്തെക്കുറിച്ച് 2026ലാണ് കൊട്ടാരത്തിലെ ഗൗരി ലക്ഷ്മിബായി പരാതി നൽകുന്നത്. അന്ന് ബെംഗളൂരു യാത്രയ്ക്കു മുന്നോടിയായി ആഭരണങ്ങൾ തെരഞ്ഞപ്പോഴാണ് അവ കാണാനില്ലെന്നു മനസിലായതെന്നു പോലീസിൽ നൽകിയ പരാതിയിൽ പറയുന്നു.

ആദ്യം തങ്ങളുടേതായ അന്വേഷണം നടത്തി, പിന്നീട് പരാതി നൽകിയെങ്കിലും കേസെടുക്കാതെ അന്വേഷണം വേണമെന്നായി. അതു പോലീസ് നിരാകരിച്ചതോടെയാണ് സിറ്റി പോലീസ് കമ്മീഷണറുടെ നിർദേശപ്രകാരം കേസെടുത്ത് കഴിഞ്ഞ മാർച്ചിൽ അന്വേഷണം ആരംഭിച്ചത്.

ഓറഞ്ച് നിറത്തിലുള്ള പവിഴവും സ്വർണമുത്തും ഇടകലർന്ന നിറമാലകൾ, മൂന്നു പവനോളം വരുന്ന പിച്ചിപ്പൂമൊട്ട് രൂപകൽപ്പനയിലുള്ള സ്വർണപാദസരം, രണ്ടു പവനോളം വരുന്ന കറുത്ത മുത്തും സ്വർണമുത്തും ഇടകലർന്ന പാദസരം, വീതിയുള്ള ഇലയുടെ രൂപകൽപ്പനയോടുകൂടിയ നാലു പവനോളം തൂക്കം വരുന്ന രണ്ടു വളകൾ, മൂന്നു പവൻ തൂക്കം വരുന്ന വീതി കുറഞ്ഞ രണ്ടു സ്വർണ പിരിവള, ചുവപ്പ് കല്ലു പതിപ്പിച്ച വലിയ രണ്ടു കമ്മലും തൂക്കും, അഞ്ചുപവൻ തൂക്കം വരുന്ന സ്വർണ കുഴിമിന്നു മാല, എട്ടുലക്ഷത്തോളം വില വരുന്ന പച്ചക്കല്ല് പതിച്ച നാഗപട കമ്മലും മാലയും പതക്കവും, രണ്ടു പവൻ തൂക്കം വരുന്ന ഇലയുടെ ആകൃതിയിൽ രൂപകൽപ്പന ചെയ്ത മാട്ടി, ആറു പവൻ തൂക്കമുള്ള റൂബി കല്ലുകളും ഡയമണ്ടുകളും പതിച്ച വീതിയുള്ള രണ്ട് ഒഴുക്കൻ വള, പദ്മനാഭ സ്വാമിയുടെ ചിത്രം ആലേഖനം ചെയ്ത സ്വർണപതക്കവും ചെയിനും, ഒരു പവൻ വീതം തൂക്കം വരുന്ന അഞ്ചു കുതിരപ്പവൻ നാണയങ്ങൾ എന്നിവയാണ് മോഷണം പോയത്.

പരാതി നൽകി രണ്ടുമാസം പിന്നിട്ടിട്ടും പോലീസ് അന്വേഷണത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ഗൗരി ലക്ഷ്മി ബായി പതിവായി ഉപയോഗിക്കുന്നതു കൂടാതെ തിരുവിതാംകൂറിന്റെ അവസാന രാജാവായ ചിത്തിര തിരുനാൾ ബാലരാമവർമ സമ്മാനമായി നൽകിയ ആഭരണങ്ങളും പുരാതനമായ ആഭരണങ്ങളും മോഷണംപോയ ആഭരണങ്ങളുടെ കൂട്ടത്തിലുണ്ട്.

അതിനിടെ തിരുവനന്തപുരം നഗരത്തിലെ ജ്വല്ലറികൾ കേന്ദ്രീകരിച്ച് പോലീസ് അന്വേഷണം നടത്തിയിരുന്നു. ചാലയിലെയും കിഴക്കേക്കോട്ടയിലെയും ജ്വല്ലറികളിലായിരുന്നു പ്രധാന അന്വേഷണം. എന്നാൽ യാതൊരു തുമ്പും ഇവിടെനിന്നു ലഭിച്ചില്ല. ആഭരണങ്ങൾ പലപ്പോഴായി കടത്തിയതാണോ, ഇതിൽ ജീവനക്കാർക്കു പങ്കുണ്ടോ, സിസിടിവികൾ ഓഫ് ചെയ്യപ്പെട്ടോ, കൊട്ടാരവുമായി അടുത്ത ബന്ധമുള്ളവർക്ക് ഇതിൽ പങ്കുണ്ടോ തുടങ്ങിയവയാണ് പ്രധാനമായും അന്വേഷണ പരിധിയിൽ വന്നത്. ഇതിൽ കൊട്ടാരവുമായി സമ്പർക്കമുള്ള അടുത്ത ബന്ധുക്കളുടെ വിവരങ്ങൾ തന്നെ ശേഖരിച്ചുകഴിഞ്ഞിട്ടില്ല. ഇതുകൂടാതെ കൊട്ടാരത്തിൽ കഴിഞ്ഞ ഒക്ടോബർ മാസം മുതൽ സന്ദർശനം നടത്തിയ പുറത്തുനിന്നുള്ളവരുടെ വിവരങ്ങളും ശേഖരിക്കേണ്ടതുണ്ട്.

തെരഞ്ഞെടുപ്പ് അടുത്തതോടെ മന്ദഗതിയിലായ അന്വേഷണം ഇനി മുതലായിരിക്കും വീണ്ടും ഊർജിതമാകുക. അന്വേഷണത്തെ ഏറെ സഹായിക്കുന്ന സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ചുള്ള അന്വേഷണവും കവടിയാർ കൊട്ടാരത്തിലെ മോഷണവുമായി ബന്ധപ്പെട്ട് ഒരു പ്രധാന സാധ്യതയാകില്ല.

കാരണം ഇതുവരെ നടന്ന അന്വേഷണത്തിൽ കേസിനെ സഹായിക്കുന്ന യാതൊരു ദൃശ്യങ്ങളും പോലീസിനു ലഭിച്ചിട്ടില്ല. പക്ഷേ, മോഷണമാണ് നടന്നിരിക്കുന്നതെന്നും ആഭരണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നും പോലീസ് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതായി കന്റോൺമെന്റ് എസി പറഞ്ഞു. മാസങ്ങൾക്കുശേഷമുള്ള അന്വേഷണമായതിനാൽ അന്വേഷണത്തിൽ വ്യക്തത വരാൻ കൂടുതൽ സമയം വേണ്ടിവരുമെന്നും അദ്ദേഹം സൂചിപ്പിച്ചു.

# വനംവകുപ്പിന്റെ മൗനം; വന്യമൃഗ ഭീതിയിൽ അഞ്ചൽ

അഞ്ചൽ : വന്യമൃഗ ഭീതിയിൽ അഞ്ചലും പരിസരവും. കാട്ടുപോത്ത്, കാട്ടുപന്നി, പാമ്പ്, മാൻ, കുരങ്ങ് എന്നിവയാണ് പ്രധാനമായും ഭീതിയുണ്ടാക്കുന്നത്.

അഞ്ചൽ, അലയമൺ, ഏരൂർ, ഇടമുളയ്ക്കൽ, ഇട്ടിവ പഞ്ചായത്തുകളിലാണ് ഇവയെ കൂടുതലായി കാണുന്നത്. കഴിഞ്ഞദിവസം അഞ്ചൽ ടൗണിൽ കാട്ടുപന്നിയുടെ ആക്രമണമുണ്ടായി. കോട്ടുക്കൽ ഭാഗത്ത് മാനുകൾ പ്രധാന പാതയിൽ ഇറങ്ങിയത് അപകടത്തിനു കാരണമായി. മാനുകൾ പാതയ്ക്ക് കുറുകേച്ചാടി ഇരുചക്രവാഹനയാത്രക്കാരന് പരിക്കേറ്റിരുന്നു.

കാട്ടുപോത്തിനെ കൂടുതലായി കാണപ്പെടുന്നത് അലയമൺ പഞ്ചായത്തിലെ കടവറം, ചണ്ണപ്പേട്ട, ആനക്കുളം എന്നിവിടങ്ങളിലും കോട്ടുക്കൽ കൃഷി ഫാം, ഓയിൽ പാം പരിസരത്തുമാണ്. കൃഷിഫാമിന് സമീപമാണ് മാനുകളെ കണ്ടത്. കാട്ടുപോത്ത് കാറിനു കുറുകെ ചാടി അപകടം ഉണ്ടാകുകയും ഇരുചക്രവാഹനയാത്രക്കാരായ ദമ്പതിമാരെ ആക്രമിക്കുകയും ചെയ്തിരുന്നു. അപകടത്തിൽ പരിക്കേറ്റ ദമ്പതിമാർ ഇപ്പോഴും ചികിത്സയിലാണ്. കാട്ടുപോത്ത് ഭീതിയെ തുടർന്ന് ജനങ്ങൾ പ്രതിഷേധം സംഘടിപ്പിക്കുകയും കാട്ടുപോത്തുകളെ തുരത്താൻ വനപാലകർ നടപടി സ്വീകരിക്കുകയും ചെയ്തു.

ഏരൂർ ഗ്രാമപഞ്ചായത്തിലെ വിളക്കുപാറ, ഇളവറാംകുഴി, ഇടമുളയ്ക്കൽ പഞ്ചായത്തിലെ മലമേൽ ഭാഗത്തുമാണ് കുരങ്ങുശല്യം ഉണ്ടാകുന്നത്. വെള്ളം കുടിക്കുന്നതിനായി വീടുകളുടെ മുകളിൽ സ്ഥാപിച്ചിരിക്കുന്ന ജലസംഭരണികൾ തകർക്കുകയും അതിൽ ഇറങ്ങി കുളിക്കുകയും ചെയ്യുന്നു.

തെങ്ങിലെ തേങ്ങയും കരിക്കും മറ്റ് കാർഷികവിളകളും നശിപ്പിക്കുകയും ചെയ്യുന്നു. കുരങ്ങുശല്യത്താൽ പൊറുതിമുട്ടിയിരിക്കുകയാണ് സാധാരണക്കാരായ ജനങ്ങൾ.

കാട്ടുപന്നിശല്യം മിക്ക സ്ഥലങ്ങളിലുമുണ്ട്. അഞ്ചൽ ടൗണിലെ കംപ്യൂട്ടർ സെന്ററിൽ കാട്ടുപന്നി പാഞ്ഞുകയറി നാശനഷ്ടങ്ങൾ വരുത്തിയിരുന്നു.

കടയുടെ മുൻവശത്തെ ഗ്ലാസുകളും ഉപകരണങ്ങളും കാട്ടുപന്നി ഇടിച്ചുതകർത്തു. ഇവ കൂട്ടത്തോടെ രാത്രികാലങ്ങളിൽ അഞ്ചൽ ബൈപ്പാസിലും ഇടമുളയ്ക്കൽ പഞ്ചായത്തിലെ അസുരമംഗലം, മതുരപ്പ, പടിഞ്ഞാറ്റിൻകര, പാലമുക്ക് ഭാഗങ്ങളിലുമാണ് രൂക്ഷമായിട്ടുള്ളത്.

രാത്രികാലങ്ങളിൽ ഇരുചക്രവാഹനക്കാരാണ് പലപ്പോഴും അപകടത്തിൽപ്പെടുന്നത്. കാട്ടുപന്നി കൂട്ടത്തോടെയെത്തി കൃഷി നശിപ്പിക്കുന്നതും പതിവാണ്. പടക്കം പൊട്ടിച്ചും മറ്റുമാണ് ഇവയെ തുരത്തുന്നത്. വേനൽക്കാലമായതോടെ പാമ്പുശല്യവും വർധിച്ചിരിക്കുകയാണ്.

ഏരൂരിൽ കഴിഞ്ഞദിവസം ആർആർടി സംഘം റബർതോട്ടത്തിൽനിന്നു പെരുമ്പാമ്പിനെ പിടികൂടിയിരുന്നു. ഇതിനുപുറമേ തെരുവുനായ്ക്കളുടെ ശല്യവുമുണ്ട്.

കാട്ടുമൃഗങ്ങളെ കാടുകയറ്റി വിടാനുള്ള നടപടി സ്വീകരിച്ച് ജനങ്ങളുടെ സ്വൈരജീവിതത്തിന് നടപടി സ്വീകരിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

# അപകടം നിറഞ്ഞ് പെരുമ്പഴുതൂർ– കളത്തുവിള റോഡ്

വെള്ളറട: തെരഞ്ഞെടുപ്പ് അടുത്തപ്പോൾ തുടങ്ങിയ റോഡ് പണി ആശ്വാസമായെങ്കിലും അപകടങ്ങൾ നിറഞ്ഞ് ദുരിതപാതയായി പെരുമ്പഴുതൂർ കളത്തുവിള റോഡ്. രണ്ടു മാസങ്ങളായി കുഴിച്ചുതോണ്ടി മെറ്റൽ വിരിച്ചിരിക്കുകയാണ് ഈ റോഡ്. പെരുമ്പഴുതൂർ ജംഗ്ഷൻ മുതൽ കളത്തുവിള വരെ നീളുന്ന ഒന്നര കിലോമീറ്റർ ദൂരത്തിലുള്ള റോഡ് ജില്ലാ പഞ്ചായത്തിന്റെ 50 ലക്ഷം രൂപയുടെ ഫണ്ടുപയോഗിച്ച് നവീകരണം ആരംഭിച്ചത് രണ്ടു മാസം മുൻപാണ്.വർഷങ്ങളായി പൊട്ടിപൊളിഞ്ഞ നിലയിലായിരുന്നു റോഡ്. നിത്യവും അപകടം നിറഞ്ഞ റോഡിൽ ജലഅതോറിറ്റിയുടെ കുഴിയെടുപ്പ് കൂടിയായപ്പോൾ ചെളി നിറഞ്ഞു സ്കൂൾ ബസടക്കം റോഡിൽ താഴുന്നത് പതിവായിരുന്നു. അശാസ്ത്രീയ പൈപ്പിടലിനെ തുടർന്ന് റോഡ് താറുമാറായതോടെ ഇതുവഴി ദിവസേന മൂന്നുസർവീസ് നടത്തിയിരുന്ന കെഎസ്ആർടിസി ബസും നിർത്തി. ഇതോടെ പെരുമ്പഴുതൂരിൽ നിന്നു കളത്തുവിളയിലേക്ക് യാത്രാദുരിതവും ആരംഭിച്ചു.

റോഡുവക്കിൽ പ്രവർത്തിക്കുന്ന വേ ബ്രിഡ്ജിലേക്കും, തടി വ്യാപാര കേന്ദ്രത്തിലേക്കുമെത്തുന്ന അമിതഭാരം കയറ്റിയ വാഹനങ്ങളും റോഡിന്റെ ശോച്യാവസ്ഥയ്ക്കു കാരണമായി. കളത്തുവിളയിൽനിന്ന് പെരുമ്പഴുതൂരിലേക്കോ റസൽപുരത്തേക്കോ എത്തണമെങ്കിൽ കാൽനട മാത്രം ആശ്രയമായി മാറി. പെരുമ്പഴുതൂരിൽനിന്ന് കളത്തുവിളയിലേക്ക് 30 രൂപക്ക് ഓട്ടോറിക്ഷയിൽ എത്തിയിരുന്നവരെ വണ്ടന്നൂർ കളത്തുവിള തേവരക്കോട് വഴി എത്തിച്ച് 100 രൂപയാക്കി യാത്രാ ചെലവ് ഉയർത്തിയെങ്കിലും പല ഓട്ടോറിക്ഷകളും ഇവിടേക്ക് സവാരി വരാത്ത അവസ്ഥയായി. നീണ്ട വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ റോഡ് പണി ആരംഭിച്ചതോടെ ആശ്വസിച്ച നാട്ടുകാർക്ക് റോഡ് പണി അനന്തമായി നീളുന്നത് യാത്രാദുരിതം കൂട്ടി.റോഡ് ജെസിബി ഉപയോഗിച്ച് കുഴിച്ച് മെറ്റൽ വിരിച്ച് കരാറുകാരൻ മുങ്ങി. അയഞ്ഞ ചല്ലിയിലൂടെ ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവർ നിത്യവും അപകടത്തിൽപെടുകയാണ്. കൂടാതെ വാഹനങ്ങൾ കടന്നുപോകുമ്പോൾ കാൽനടയാത്രികർക്ക് മുകളിലേക്കും റോഡുവക്കിലെ വീടുകളിലേക്കും മെറ്റൽ കഷ്ണങ്ങൾ തെറിച്ച് അപകടം പറ്റുന്ന അവസ്ഥയാണ്. ഇതിനകം റോഡിൽ തെന്നി വീണ് എല്ലിനു പൊട്ടലേറ്റും മറ്റും ആശുപത്രിയിലായവർ നിരവധി. പാറപ്പൊടി ശ്വസിച്ച് രോഗികളാവേണ്ട അവസ്ഥയിലാണ് റോഡുവക്കിലെ കുടുംബങ്ങൾ. ഇതോടെ നാട്ടുകാർ പരിഹാരത്തിനായി മുട്ടാത്ത വാതിലുകളില്ലാതായി.കരാറുകാരൻ റോഡ് പണി സമയത്ത് തീർക്കാത്തതാണെന്നാണ് ജില്ലാ പഞ്ചായത്തിന്റെ വാദം. എന്നാൽ ടാർ കിട്ടാനില്ലെന്നാണ് വണ്ടന്നൂർ സ്വദേശിയായ കരാറുകാരന്റെ വാദം. റോഡ് പഴയപടിയെങ്കിലും മാറ്റി കിട്ടിയാൽ മതിയെന്ന അഭിപ്രായമാണ് നാട്ടുകാർക്ക്. ഒപ്പം തങ്ങളുടെ ഗതികേട് കാണാൻ ജനപ്രതിനിധികളോ, ജില്ലാ പഞ്ചായത്തോ, നഗരസഭയോ തയാറാവാത്തതിൽ അതീവ ദുഃഖത്തിലുമാണ്.

ആരെങ്കിലും ഇടപെട്ട് പെരുമ്പഴുതൂർ കളത്തുവിള റോഡ് ഒന്ന് സഞ്ചാരയോഗ്യമാക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം. സ്കൂൾ തുറക്കാൻ ആഴ്ച്ചകൾ ബാക്കിനിൽക്കെ റോഡിന്റെ അവസ്ഥയിൽ ആശങ്കയിലാണ് രക്ഷിതാക്കളും.

# ഭാര്യയേയും മകളേയും കൊലപ്പെടുത്താൻ ശ്രമം: പ്രതിക്ക് 31 വർഷം കഠിനതടവും പിഴയും

കൊല്ലം: ഭാര്യയേയും മകളെയും കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതിക്ക് 31 വർഷം കഠിനതടവും പിഴയും വിധിച്ച് കൊല്ലം ഫസ്റ്റ് അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജ് പി.എൻ. വിനോദ് ഉത്തരവായി.മയ്യനാട് വടക്കുംകര പടിഞ്ഞാറ്റ് ചേരിയിൽ പ്രശോഭ ഭവനത്തിൽ ജയനെ (40 ) യാണ് വിവിധ വകുപ്പുകളിലായി 31 വർഷം കഠിനതടവിനും ഒന്നരലക്ഷം രൂപ പിഴ ഒടുക്കാനും വിധിച്ചത്. പിഴ ഒടുക്കിയില്ലെങ്കിൽ 18 മാസം കൂടി കഠിനതടവ് അനുഭവിക്കണം. പരിക്കേറ്റ ഭാര്യയ്ക്കും മകൾക്കും മതിയായ നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കാൻ കൊല്ലം ലീഗൽ സർവീസ് അഥോറിറ്റിക്ക് കോടതി നിർദേശം നൽകി.

പ്രേമിച്ച് വിവാഹം കഴിച്ച പ്രതി ഭാര്യയോടും മൂന്ന് പെൺമക്കളോടുമൊപ്പം ഭാര്യയുടെ അമ്മയുടെ പേരിലുള്ള വീട്ടിൽ താമസിക്കുമ്പോൾ സ്ഥിരമായി ഉപദ്രവിക്കുമായിരുന്നു. മാത്രമല്ല ജോലിക്ക് പോകാതെയും ഭാര്യയെയും മക്കളെയും സംരക്ഷിക്കാതെയും കഴിഞ്ഞു വരികയായിരുന്നു. അതിനുശേഷം മറ്റൊരു സ്ത്രീയുമായി കുറെക്കാലം താമസിച്ചു. പിന്നീട് മടങ്ങിയെത്തിയ പ്രതി മധ്യസ്ഥർ മുഖേന ഭാര്യയുമായി സംസാരിച്ച് രമ്യതയിലായി ഒരുമിച്ച് താമസിക്കാൻ തുടങ്ങി. വീണ്ടും ഉപദ്രവം തുടങ്ങുകയും ജോലിക്ക് പോയിരുന്ന ഭാര്യയെ തടയുകയും ചെയ്തു.2020 ഡിസംബർ ഒന്നിന് ഭാര്യ ജോലി ചെയ്യുന്ന കൂട്ടിക്കടയിലെ ലോട്ടറിക്കടയിലെത്തി പിടിച്ചിറക്കാൻ ശ്രമിക്കുകയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. വൈകുന്നേരം വീട്ടിലെത്തിയ പ്രതി കൈയിൽ കരുതിയിരുന്ന ആസിഡ് ഭാര്യയുടെ മേൽ ഒഴിക്കാൻ ശ്രമിച്ചു. നിലവിളി കേട്ട് ഓടിക്കൂടിയവർ അമ്മയേയും മക്കളേയും രക്ഷപ്പെടുത്തി. സംഭവത്തിനുശേഷം രാത്രിയിൽ ജയൻ അയൽവീട്ടിലെ മതിലിന്റെ മറവിൽ നിന്ന് ഭാര്യയുടെയും മകളുടെയും തലയിലൂടെ ആസിഡ് ഒഴിച്ചു.

ദേഹമാസകലം പരിക്കേറ്റ് ഗുരുതരാവസ്ഥയിലായ ഇരുവരെയും അയൽക്കാർ കൊല്ലം ജില്ലാ ആശുപത്രിയിലും പിന്നീട് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. ജാമ്യം നേടി ഒളിവിൽ പോയ പ്രതിയെ പിന്നീട് പോലീസ് പിടികൂടി. ജാമ്യം നൽകാതെ വിചാരണ നടത്തുകയായിരുന്നു. പ്രതിക്ക് ആസിഡ് നൽകിയ രണ്ടാം പ്രതി സുരേഷ് വിചാരണ കാലയളവിൽ മരിച്ചു. കേസിലെ പ്രധാന സാക്ഷിയായ അയൽക്കാരൻ കോടതിയിൽ സാക്ഷി പറയാതിരിക്കാൻ പ്രതി ഭീഷണിപ്പെടുത്തി. സാക്ഷിയുടെ സ്കൂട്ടർ തീ വച്ച് നശിപ്പിക്കുകയും ചെയ്തു. ഇരവിപുരം പോലീസ് സബ് ഇൻസ്പെക്ടർ അനീഷ് രജിസ്റ്റർ ചെയ് കേസിൽ ഇൻസ്പെക്ടർ കെ. വിമനാദ് അന്വേഷിച്ച് കുറ്റപത്രം ഹാജരാക്കി. പ്രോസിക്യൂഷനു വേണ്ടി പബ്ളിക് പ്രോസിക്യൂട്ടർമാരായ സിസിൻ മുണ്ടയ്ക്കൽ, സോജ തുളസീധരൻ, ഗോകുൽ. പി. രാജ് എന്നിവർ ഹാജരായി, എഎസ്ഐ മഞ്ചുഷ പ്രോസിക്യൂഷൻ പ്രവർത്തനങ്ങൾ ഏകോപ്പിച്ചു.

# ശക്തന്റെ വിജയത്തിൽ ആഹ്ലാദത്തോടെ യുഡിഎഫ് പ്രവർത്തകർ

നെയ്യാറ്റിൻകര : പത്തു വർഷത്തെ ഇടവേളയ്ക്കു ശേഷം നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിന് കോൺഗ്രസ് എംഎൽഎയെ ലഭിച്ചതിന്റെ ആഹ്ളാദത്തിൽ നെയ്യാറ്റിൻകരയിലെ യുഡിഎഫ് പ്രവർത്തകർ. എൻ. ശക്തനെ നെയ്യാറ്റിൻകരയിൽ വിജയിപ്പിക്കാൻ എല്ലാവിധത്തിലുമുള്ള അഭിപ്രായവ്യത്യാസങ്ങളും മാറ്റിവച്ചാണ് പ്രവർത്തകർ രംഗത്തിറങ്ങിയതെന്ന് നേതാക്കളും പ്രതികരിച്ചു. ഫലപ്രഖ്യാപനത്തിനുശേഷം മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തകർ വിജയപ്രകടനങ്ങൾ നടത്തി.

കഴിഞ്ഞ ദിവസം വൈകുന്നേരം വഴിമുക്കുനിന്നും ആരംഭിച്ച നന്ദി അറിയിക്കൽ യാത്ര മണ്ഡലത്തിന്റെ ഏകദേശം എല്ലായിടങ്ങളിലൂടെയും കടന്നുപോയി. വിജയിയായി തെരഞ്ഞെടുക്കപ്പെട്ട വിവരം അറിഞ്ഞതിനുശേഷം ശക്തൻ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ്, രമേശ് ചെന്നിത്തല എന്നിവരുമായി കൂടിക്കാഴ്ച നടത്തി.

മണ്ഡലത്തിലെ വികസന മുരടിപ്പിനും സംസ്ഥാനത്തെ എൽഡിഎഫ് ദുഷ്ഭരണത്തിനും നെയ്യാറ്റിൻകരയിലെ പ്രബുദ്ധരായ വോട്ടർമാർ നൽകിയ തിരിച്ചടി കൂടിയാണ് എൻ. ശക്തന്റെ വിജയത്തിനു കാരണമെന്നു യുഡിഎഫ് പ്രവർത്തകർ കൂട്ടിച്ചേർത്തു.

# സതീശൻ അനുകൂല പ്രകടനം; നാല് പേരെ പദവിയിൽ നിന്ന് നീക്കി

ഇടുക്കി: വി. ഡി. സതീശന് അനുകൂലമായി പ്രകടനം നടത്തിയ നാല് നേതാക്കൾക്കെതിരെ ഇടുക്കി ഡിസിസി നടപടിയെടുത്തു. സംഘടനാ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയെന്ന് ആരോപിച്ചാണ് നടപടി.

ഡിസിസി ജനറൽ സെക്രട്ടറി വി. ഇ. താജുദ്ദീൻ, വെസ്റ്റ് മണ്ഡലം പ്രസിഡന്റ് രാജേഷ് ബാബു, കർഷക തൊഴിലാളി ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി ജോയ് മൈലാടി എന്നിവരെ പദവികളിൽ നിന്ന് നീക്കി. ഇന്നലെയാണ് സതീശനെ അനുകൂലിച്ച് തൊടുപുഴയിൽ ഒരു വിഭാഗം പ്രകടനം നടത്തിയത്. നടപടികൾക്കിടയിലും നേതാക്കളെ പിന്തുണച്ചുള്ള ഫ്ലക്സ് യുദ്ധം ഇടുക്കിയിൽ തുടരുകയാണ്. അടിമാലിയിലും മാങ്കുളത്തും കട്ടപ്പനയിലും രമേശ് ചെന്നിത്തിലക്ക് അഭിനന്ദനങ്ങൾ അർപ്പിച്ച് ഫ്ലക്സ് ബോർഡുകൾ പ്രത്യക്ഷപ്പെട്ടു.

# റോഡരികിൽ നിന്നവരെ കാർ ഇടിച്ചു തെറിപ്പിച്ചു; വിദ്യാർഥിനിക്ക് ദാരുണാന്ത്യം

തിരുവനന്തപുരം: കവടിയാറിൽ അമിത വേഗത്തിലെത്തിയ കാറിടിച്ച് ഒരാൾ മരിച്ചു. ഗുരുതരമായി പരിക്കേറ്റ നാലുപേരിൽ ഒരാളാണ് മരിച്ചത്. പാലക്കാട് സ്വദേശി നൗഷിജയാണ് മരിച്ചത്. കവടിയാറിൽ നിന്നു കുറവൻകോണത്തേക്ക് പോകുന്ന ഭാഗത്താണ് അപകടം. യുവാക്കളും വിദ്യാർഥികളുമടക്കം നടന്നുപോകുമ്പോഴാണ് സംഭവം. അമിതവേഗത്തിലെത്തിയ കാർ ഫുട്പാത്തിലേക്ക് ഇടിച്ചുകയറി എട്ടോളം പേരെ ഇടിച്ചുതെറിപ്പിച്ച ശേഷം മറ്റൊരു കാറിൽ ഇടിച്ചുനില്ക്കുകയായിരുന്നു. അപകടമുണ്ടാക്കിയ വാഹനത്തിലുണ്ടായിരുന്നവർക്ക് കാര്യമായ പരിക്കില്ല. പരിക്കേറ്റവരെ മെഡിക്കൽ കോളജിലും മറ്റ് ആശുപത്രികളിലുമാണ് പ്രവേശിപ്പിച്ചിരിക്കുന്നത്.

# വിഴിഞ്ഞത്ത് എംഡിഎംഎയും കഞ്ചാവുമായി രണ്ട് പേർ അറസ്റ്റിൽ

തിരുവനന്തപുരം: വിഴിഞ്ഞത്ത് 51 ഗ്രാം എംഡിഎംഎയും 2.6 ഗ്രാം കഞ്ചാവുമായി രണ്ട് പേരെ എക്സൈസ് അറസ്റ്റ് ചെയ്തു. കാസർഗോഡ് വെള്ളരികുണ്ട് ചിറ്റാരിക്കൽ പാലവയൽ മെയ്യാൽ വലിയ വീട്ടിൽ ജിഷ്ണു (30), മലപ്പുറം കരുവാരകുണ്ട് കിഴക്കേത്തല പാറക്കൽ വീട്ടിൽ സഹലു റഹ്മാൻ (36) എന്നിവരാണ് അറസ്റ്റിലായത്.

നെയ്യാറ്റിൻകര എക്സൈസ് സംഘമാണ് ഇരുവരെയും പിടികൂടിയത്. കോവളം, പൂവാർ എന്നിവിടങ്ങളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വില്പന നടത്തുന്നതിനായി എത്തിച്ച എംഡിഎംഎയാണ് പിടികൂടിയത്. കഴിഞ്ഞ ദിവസം വൈകുന്നേരം വൈകുന്നേരം അഞ്ചരയോടെ വിഴിഞ്ഞം മുക്കോല ഭാഗത്ത് നടത്തിയ വാഹനപരിശോധനയ്ക്കിടെയാണ് ഇവർ പിടിയിലായത്. വാടകയ്ക്കെടുത്ത ഐ ടൻറി കാറിൽ എറണാകുളത്ത് നിന്നാണ് ഇവരെത്തിയതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.ജിഷ്ണുവിന്റെ കൈവശമുണ്ടായിരുന്ന ബാഗിലാണ് എംഡിഎംഎ സൂക്ഷിച്ചിരുന്നത്.

സഹലുൾ റഹ്മാന്റെ കൈയിലായിരുന്നു കഞ്ചാവ്. ഇതിന് മാർക്കറ്റിൽ മൂന്നരലക്ഷത്തോളം വിലയുണ്ടാകുമെന്ന് എക്സൈസ് പറഞ്ഞു. ഇവരിൽ നിന്ന് മൊബൈൽ ഫോണുകളും പിടിച്ചെടുത്തു. ജിഷ്ണു നേരത്തെയും കഞ്ചാവുമായി പിടിയിലായിട്ടുണ്ട്. ഇവരെ വിശദമായി ചോദ്യം ചെയ്യുമെന്ന് എക്സൈസ് അറിയിച്ചു.

# കുതിപ്പിന് വീണ്ടും ബ്രേക്ക്, ഹോർമുസിൽ തട്ടി സ്വർണവില വീണ്ടും താഴേക്ക്

കൊച്ചി: സംസ്ഥാനത്ത് രണ്ടുദിവസത്തെ കുതിപ്പിനു ശേഷം സ്വർണവില വീണ്ടും താഴേക്ക്. ഗ്രാമിന് 30 രൂപയും പവന് 240 രൂപയുമാണ് കുറഞ്ഞത്. ഇതോടെ സ്വർണവില ഗ്രാമിന് 13,995 രൂപയിലും പവന് 1,11,960 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 11,500 രൂപയിലെത്തി.

തിങ്കളാഴ്ചയും ചൊവ്വാഴ്ചയും താഴേക്കുപോയി ഈ മാസത്തെ ഏറ്റവും താഴ്ന്ന നിരക്കിലെത്തിയ സ്വർണവില ബുധനാഴ്ച തിരിച്ചുകയറിയിരുന്നു. ഗ്രാമിന് 195 രൂപയും പവന് 1,560 രൂപയുമാണ് വർധിച്ചത്. പിന്നാലെ വ്യാഴാഴ്ച രണ്ടുതവണയായി ഗ്രാമിന് 80 രൂപയും പവന് 640 രൂപയും ഉയർന്ന ശേഷമാണ് ഇന്ന് താഴേക്കു പോയത്.

വൻ ചാഞ്ചാട്ടം ദൃശ്യമായ മാർച്ച് മാസം അവസാനം നാലു ദിവസത്തിനിടെ ഗ്രാമിന് 435 രൂപയും പവന് 3,480 രൂപയും വർധിച്ചിരുന്നു. മാർച്ച് 23ന് നാലുതവണ മാറിമറിഞ്ഞ സ്വർണവില ഒരു ലക്ഷത്തിന് താഴേക്ക് പോയിരുന്നെങ്കിലും വൈകിട്ടോടെ വീണ്ടും ഒരു ലക്ഷത്തിനു മുകളിലെത്തിയിരുന്നു.

ജനുവരി 29ന് പവൻവില സർവകാല ഉയരം തൊട്ടിരുന്നു. അന്നു ഗ്രാമിന് ഒറ്റയടിക്ക് 1,080 രൂപയും പവന് 8,640 രൂപയും വർധിച്ച സ്വർണവില സർവകാല റിക്കാർഡ് ഭേദിച്ച് ഗ്രാമിന് 16,395 രൂപയും പവന് 1,31,160 രൂപയിലുമെത്തുകയായിരുന്നു. എന്നാൽ പിന്നീട് ഇതുവരെ പവന് 28,480 രൂപയും ഗ്രാമിന് 3,560 രൂപയുമാണ് കുറഞ്ഞത്.

പുതുവർഷത്തിൽ കുതിപ്പോടെ തുടങ്ങിയ സ്വർണവില ജനുവരി അഞ്ചിന് പവന് ഒറ്റയടിക്ക് 1,160 രൂപയും ഗ്രാമിന് 145 രൂപയും വർധിച്ച് വീണ്ടും ഒരു ലക്ഷം പിന്നിട്ടിരുന്നു. ഇതിനു പിന്നാലെയാണ് വൻ കുതിപ്പുമായി മുന്നോട്ടുപോയത്. 2025 ജനുവരിയിൽ 57,000 രൂപ മാത്രമായിരുന്ന വിലയാണ് വർഷാവസാനം ലക്ഷം ഭേദിച്ചത്.

ഡിസംബർ 23നായിരുന്നു സ്വർണവില പവന് ചരിത്രത്തിലാദ്യമായി ഒരു ലക്ഷം രൂപ കടന്നത്. പിന്നീട് കുതിപ്പ് തുടർന്ന സ്വർണം റിക്കാർഡ് തിരുത്തിക്കൊണ്ടിരുന്നു. ഡിസംബർ 27ന് പവന് 1,04,440 രൂപ എന്ന ആ വർഷത്തെ റിക്കാർഡ് വിലയിലെത്തി. പിന്നീട് രാജ്യാന്തര തലത്തിലുണ്ടായ കനത്ത ലാഭമെടുപ്പ് സമ്മർദത്തെ തുടർന്ന് ഡിസംബർ 31ന് 98,920 രൂപയിലേക്ക് ഇടിഞ്ഞിരുന്നു. എന്നാൽ, പുതുവർഷപ്പിറവി ദിനം മുതൽ വില കൂടുന്നതാണ് കണ്ടത്.

രാജ്യാന്തര വിലയിലെ ചലനങ്ങളാണ് ആഭ്യന്തര വിലയിലും പ്രതിഫലിക്കുന്നത്. ഹോർമുസിൽ ഇറാൻ–യുഎസ് ഏറ്റുമുട്ടലുണ്ടായെന്ന റിപ്പോർട്ടുകൾക്ക് പിന്നാലെ ക്രൂഡ് ഓയിൽ വില വർധിച്ചതാണ് സ്വർണവില കുറയാൻ കാരണം.

# അഞ്ചൽ ഈസ്റ്റ് സ്കൂളിന് വീണ്ടും തിളക്കം : പൂർവ വിദ്യാർഥി സി. അജയപ്രസാദ് നിയമസഭയിലേക്ക്

അഞ്ചൽ : അഞ്ചൽ ഈസ്റ്റ് സർക്കാർ ഹയർ സെക്കൻഡറി സ്കൂളിന്റെ യശസ് ഉയർത്തി മറ്റൊരു പൂർവ വിദ്യാർഥി കൂടി നിയമസഭയിലേക്ക്. സ്കൂളിലെ 1983 എസ്എസ്എൽസി ബാച്ച് വിദ്യാർഥിയായിരുന്ന സി. അജയപ്രസാദ് വിജയിച്ചതിന്റെ ആഹ്ലാദത്തിലാണ് ഈസ്റ്റ് സ്കൂളിലെ അധ്യാപകരും നാട്ടുകാരും. വിദ്യാലയത്തിന്റെ മാർഗദർശിയും പ്രഥമ അധ്യാപകനുമായിരുന്ന പി. ഗോപാലൻ തിരു–കൊച്ചി നിയമസഭ അംഗമായിരുന്നു. ഏരൂർ നെട്ടയം സ്വദേശിയും മൂന്നു തവണ പുനലൂർ എംഎൽഎയും മുൻ മന്ത്രിയുമായിരുന്ന കെ. രാജുവും ഈസ്റ്റ് സ്കൂളിലെ പൂർവ വിദ്യാർഥിയാണ്. 1968–ലെ എസ്എസ്എൽസി ബാച്ച് വിദ്യാർഥിയായിരുന്നു അദ്ദേഹം.അദ്ദേഹത്തിന്റെ കാലയളവിലാണ് വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിപുലമായ ഫണ്ടുകൾ അനുവദിച്ചതും ആധുനിക കെട്ടിട സമുച്ചയങ്ങൾ യാഥാർഥ്യമായതും.ഇത്തവണ കൊല്ലം മണ്ഡലത്തിലെ എൽഡിഎഫ് സ്ഥാനാർഥിയായിരുന്ന എസ്. ജയമോഹനും ഈ വിദ്യാലയത്തിലെ 1975 എസ്എസ്എൽസി ബാച്ചിലെ വിദ്യാർഥിയാണ്. അദ്ദേഹം കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന കാലയളവിലാണ് സ്കൂളിൽ മിനി സ്റ്റേഡിയം യാഥാർഥ്യമാക്കാൻ 50 ലക്ഷം അനുവദിച്ചത്.ഗുരുശ്രേഷ്ഠന്മാരും പൂർവ വിദ്യാർഥികളും തെളിച്ച പാതയിലൂടെ ജനസേവനത്തിന്റെ പുതിയ തലങ്ങളിലേക്ക് കടക്കുന്ന സി. അജയപ്രസാദിന് വിദ്യാലയത്തിന്റെ ആദരവും അഭിനന്ദനങ്ങളും നേരുന്നതായി സ്കൂൾ അധികൃതർ അറിയിച്ചു.

# വിജയ്ക്ക് അവസരം നൽകണം; ഭൂരിപക്ഷം സഭയിലാണ് തെളിയിക്കേണ്ടത്: ഒമർ അബ്ദുള്ള

ശ്രീനഗർ: തമിഴ്നാട്ടിൽ ടിവികെ അധ്യക്ഷൻ വിജയ്ക്ക് സർക്കാർ രൂപീകരിക്കാൻ അവസരം നൽകണമെന്ന് ഗവർണറോട് ആവശ്യപ്പെട്ട് ജമ്മു കാഷ്മീർ ഒമർ അബ്ദുള്ള. ഏറ്റവും വലിയ ഒറ്റകക്ഷിയായതുകൊണ്ട് തന്നെ ടിവികെയ്ക്ക് തന്നെയാണ് നിലവിൽ സർക്കാർ രൂപീകരിക്കാൻ അർഹതയുള്ളതെന്നും ഒമർ അബ്ദുള്ള പറഞ്ഞു.

'ഒരു പാർട്ടിക്കും ഭൂരിക്ഷത്തമില്ലാത്ത സാഹചര്യത്തിൽ ഏറ്റവും വലിയ ഒറ്റകക്ഷിക്കാൻ അവസരം കൊടുക്കേണ്ടത്. വിജയ് ആദ്യം സർക്കാർ രൂപീകരിക്കട്ടെ. എന്നിട്ട് സഭയിൽ ഭൂരിപക്ഷം തെളിയിക്കട്ടെ. എന്നിട്ടും ഭൂരിപക്ഷം ഇല്ലെങ്കിൽ സ്വാഭാവികമായി രാജിവയ്ക്കേണ്ടി വരും. ഇത് തന്നെയാണ് പലതവണയായി സുപ്രീംകോടി പല സംസ്ഥാനങ്ങളിലെയും പ്രതിസന്ധി സമയത്ത് പറഞ്ഞിട്ടുള്ളത്. '-ഒമർ അബ്ദുള്ള വ്യക്തമാക്കി.നിയമസഭാ തെരഞ്ഞെടുപ്പിൽ തമിഴ്നാട്ടിൽ ടിവികെയാണ് ഏറ്റവും വലിയ ഒറ്റകക്ഷിയായത്. 108 സീറ്റാണ് ടിവെകയ്ക്ക് ലഭിച്ചത്. ഭരണകക്ഷിയായിരുന്ന ഡിഎംകെയ്ക്ക് 57 സീറ്റും അണ്ണാ ഡിഎംകെയ്ക്ക് 47 സീറ്റുമാണ് ലഭിച്ചത്. 118 സീറ്റുകളാണ് ഭൂരിപക്ഷത്തിന് വേണ്ടത്.

ഡിഎംകെ സഖ്യത്തിൽ നിന്ന് വിജയിച്ച കോൺഗ്രസ് ടിവികെയ്ക്ക് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. അഞ്ച് എംഎൽഎമാരാണ് കോൺഗ്രസിനുള്ളത്. ഇതോടെ ടിവെകെയ്ക്ക് 113 പേരുടെ പിന്തുണ ആയി. അഞ്ച് പേരുടെ കൂടി പിന്തുണയാണ് സർക്കാർ രൂപീകരിക്കാൻ ആവശ്യമായിട്ടുള്ളത്.

സിപിഎം, സിപിഐ, വിസികെ തുടങ്ങിയ പാർട്ടികളുടെ പിന്തുണയും വിജയ് തേടിയിട്ടുണ്ട്. ഈ കാര്യത്തിൽ തീരുമാനം എടുക്കുന്നതിനായി ഇടത് പാർട്ടികളും വിസികെയും ഇന്ന് യോഗം ചേരുന്നുണ്ട്.

# സൂര്യയുഗം അവസാനിക്കുന്നു; ട്വന്റി 20 ടീമിൽ അഴിച്ചു പണിക്ക് സാധ്യത

മുംബൈ: ഐപിഎല്ലിന് പിന്നാലെ ഇന്ത്യൻ ട്വന്റി 20 ടീമിൽ വലിയ മാറ്റങ്ങൾക്ക് ബിസിസിഐ ഒരുങ്ങുന്നതായി റിപ്പോർട്ടുകൾ. നിലവിലെ നായകൻ സൂര്യകുമാർ യാദവിനെ ക്യാപ്റ്റൻ സ്ഥാനത്തുനിന്നും നീക്കാനാണ് ആലോചിക്കുന്നത്.

മികച്ച ഫോമിലുള്ള ശ്രേയസ് അയ്യർക്ക് നായകസ്ഥാനം നൽകി യുവതാരങ്ങളെ അണിനിരത്താനാണ് ആലോചന. വരാനിരിക്കുന്ന അയർലൻഡ്, ഇംഗ്ലണ്ട് പരമ്പരകളിൽ ശ്രേയസിനെ നായകനാക്കി ഒരു പുതിയ പരീക്ഷണത്തിനാണ് ബിസിസിഐ നീക്കം നടത്തുന്നത്.

സീനിയർ താരങ്ങൾക്ക് വിശ്രമം നൽകി പൂർണമായും യുവനിരയെ അണിനിരത്താനാണ് ലക്ഷ്യമിടുന്നത്. ഐപിഎല്ലിൽ തകർപ്പൻ പ്രകടനം പുറത്തെടുക്കുന്ന യുവതാരങ്ങൾക്കും വരാനിരിക്കുന്ന വിദേശ പരമ്പരകളിൽ അവസരം ലഭിച്ചേക്കും. കൗമാര താരം വൈഭവ് സൂര്യവംശി ഉൾപ്പെടെയുള്ളവരെ ടീമിൽ ഉൾപ്പെടുത്തിയേക്കും.

രോഹിത് ശർമ ടി20 ടീമിൻറെ ക്യാപ്റ്റൻസി ഒഴിഞ്ഞപ്പോഴാണ് പുതിയ നായകനായി സൂര്യകുമാർ യാദവ് എത്തിയത്. സൂര്യ നയിച്ച ഒരു പരമ്പരയിലും ടീം തോറ്റിട്ടില്ല. അതേസമയം താരത്തിൻറെ നിലവിലെ ഫോമിൽ ബിസിസിഐയ്ക്ക് ആശങ്കയുണ്ട്.

ട്വന്റി20 ലോകകപ്പിൽ ബാറ്റിങ്ങിൽ തിളങ്ങാൻ സാധിക്കാതിരുന്ന സൂര്യകുമാർ യാദവിന് ഐപിഎല്ലിലും ഫോം കണ്ടെത്താനായിട്ടില്ല. മുംബൈ ഇന്ത്യൻസ് പത്തു മത്സരങ്ങൾ പൂർത്തിയാക്കിയപ്പോൾ 195 റൺസാണ് സൂര്യ ആകെ നേടിയത്. 51 റൺസാണ് സീസണിലെ ഉയർന്ന സ്കോർ.

# സുവേന്ദു അധികാരിയുടെ സഹായിയുടെ കൊലപാതകം; ആക്രമികളെത്തിയത് മോഷ്ടിച്ച ഇരുചക്ര വാഹനത്തിൽ

കോൽക്കത്ത: പശ്ചിമബംഗാളിൽ സുവേന്ദു അധികാരിയുടെ സഹായി ചന്ദ്രനാഥ് രഥിനെ വെടിവച്ചു കൊന്ന സംഭവത്തിൽ ആക്രമികൾ എത്തിയത് മോഷ്ടിച്ച ഇരുചക്ര വാഹനത്തിൽ.

WB44D1990 എന്ന രജിസ്റ്റർ നമ്പരിലുള്ള വാഹനത്തിലാണ് പ്രതികളെത്തിയത്. വാഹനത്തിൻറെ ഉടമ വിഭാഷ് കുമാർ ഭട്ടാചാര്യ എന്നയാളാണ്. 2012 മേയ് നാലിനാണ് ബൈക്ക് രജിസ്റ്റർ ചെയ്തത്.

വിഭാഷിൻറെ വിലാസം അന്വേഷിച്ചു ചെന്ന പോലീസിന് ഇയാളെക്കുറിച്ച് വിവരമൊന്നും ലഭിച്ചില്ല. ധരംവീർ എന്ന സർക്കാർ ഉദ്യോഗസ്ഥനാണ് നിലവിൽ ഇവിടെ താമസിക്കുന്നത്. 2014 മുതൽ താൻ ഇവിടെ താമസിച്ചുവരികയാണെന്നും വിഭാഷ് എന്ന പേരിൽ ആരെയും അറിയില്ലെന്നും ഇയാൾ പോലീസിനോടു പറഞ്ഞു.

തുടരന്വേഷണത്തിൽ വിഭാഷിനെ പോലീസ് കണ്ടെത്തി. എന്നാൽ തൻറെ ബൈക്ക് മോഷ്ടിക്കപ്പെട്ടതായി ഇയാൾ പോലീസിന് മൊഴി നൽകിയെന്നാണ് റിപ്പോർട്ട്.

പശ്ചിമബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതിന് പിന്നാലെ മഹീന്ദ്ര സ്കോർപിയ കാറിൽ വീട്ടിലേക്ക് പോവുകയായിരുന്ന ചന്ദ്രകാന്തിനെ ബൈക്കിലെത്തിയ ആക്രമികൾ വെടിവയ്ക്കുകയായിരുന്നു. വാഹനത്തിൻറെ മുൻസീറ്റിൽ ഇരുന്ന ചന്ദ്രകാന്ത് സംഭവസ്ഥലത്ത് വച്ചുതന്നെ മരിച്ചു.

# മുതലയുടെ ആക്രമണത്തിൽ യുവാവിന് ദാരുണാന്ത്യം

ഗാന്ധിനഗർ: ഗുജറാത്തിലെ വഡോദര ജില്ലയിൽ മുതലയുടെ ആക്രമണത്തിൽ യുവാവ് മരിച്ചു. ദേവ് നദിയിൽ വെള്ളം കുടിക്കാനെത്തിയ മിഥുൻ മഹേഷ്ഭായ് വാസവ (22) യാണ് മരിച്ചത്.

കന്നുകാലികളെ മേയ്ക്കുന്നതിനിടെയിലാണ് മിഥുൻ നദിക്കരയിൽ വെള്ളം കുടിക്കാൻ എത്തിയത്. ഏകദേശം 12 അടിയോളം നീളമുള്ള മുതല മിഥുൻറെ നേരെ ചാടിവീഴുകയും വെള്ളത്തിലേക്ക് വലിച്ചിഴക്കുകയും ചെയ്തു. യുവാവിൻറെ വായിൽ പിടിച്ച് മുതല മണിക്കൂറുകളോളം വെള്ളത്തിലൂടെ നീന്തി.

വാഗോഡിയ പോലീസ്, വനം വകുപ്പ്, അഗ്നിശമന സേന എന്നിവയിലെ സംഘങ്ങൾ സ്ഥലത്തെത്തി തിരച്ചിൽ നടത്തിയെങ്കിലും മുതലയുടെ വലിപ്പവും നദിയിലെ കലങ്ങിയ വെള്ളം തടസമായി. രക്ഷാപ്രവർത്തകർ അടുത്തെത്തുന്പോഴെല്ലാം മുതല ആഴങ്ങളിലേയ്ക്ക് മുങ്ങുകയായിരുന്നു. മിഥുൻറെ മൃതദേഹം കണ്ടെത്തിയിട്ടില്ല.

വഡോദരയ്ക്ക് ചുറ്റുമുള്ള നദികളിൽ മതലകളുടെ എണ്ണം കൂടുതലാണ്. നദിക്കരയിൽ പോകുന്നവർ അതീവ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ഭരണകൂടം നിർദേശം നൽകി.

## അയൽവാസിയെ കടന്നുപിടിച്ചു; തടയാൻ ശ്രമിച്ച ഭർത്താവിനെ ആക്രമിച്ച ടാക്സി ഡ്രൈവർ അറസ്റ്റിൽ

ബംഗളൂരു: കർണാടകയിലെ ചാമരാജ്പേട്ടിനടുത്ത് അയൽവാസിയായ 30 കാരിയെ കടന്നുപിടിക്കുകയും ഇത് തടയാൻ ശ്രമിച്ച ഭർത്താവിനെ കുത്തി പരിക്കേൽപ്പിക്കുകയും ചെയ്ത യുവാവ് അറസ്റ്റിൽ. യുവതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കാർ ഡ്രൈവറായ പട്ടുരാജുവാണ് പിടിയിലായത്.

യുവതി വീടിൻറെ പിൻഭാഗത്ത് പാത്രങ്ങൾ കഴുകിക്കൊണ്ടിരുന്നപ്പോഴാണ് ഇയാൾ കടന്നുപിടിച്ചത്. യുവതി ബഹളം വച്ചതോടെ സെക്യൂരിറ്റി ജീവനക്കാരനായ ഭർത്താവ് കത്തി കൊണ്ട് പട്ടുരാജുവിനെ ആക്രമിക്കാൻ ശ്രമിച്ചു. എന്നാൽ കോപാകുലനായ പട്ടുരാജു യുവതി കഴുകാൻ വച്ചിരുന്ന ഫ്രൈയിംഗ് പാൻ ഉപയോഗിച്ച് ഭർത്താവിൻറെ തലക്കടിക്കുകയായിരുന്നു.

അദ്ദേഹം നിലത്ത് വീണതോടെ കത്തി കൈക്കലാക്കി കുത്തി പരിക്കേൽപ്പിച്ചു. ഉടൻ തന്നെ നാട്ടുകാർ ഓടിയെത്തി അദ്ദേഹത്തെ രക്ഷിച്ചു. സംഭവത്തിൽ കേസെടുത്ത പോലീസ് പട്ടുരാജുവിനെ അറസ്റ്റ് ചെയ്തു. കൂടുതൽ അന്വേഷണം നടന്നുവരുകയാണ്.

## ലേശം ഉളുപ്പുണ്ടെങ്കിൽ ജനവിധി മാനിക്കണം; ഖാർഗെയുടെ വസതിക്ക് മുമ്പിൽ കെസിക്കെതിരേ ഫ്ലക്സ്

ന്യൂഡൽഹി: മുഖ്യമന്ത്രി ചർച്ച പുരോഗമിക്കുന്നതിനിടെ കെ. സി. വേണുഗോപാലിനെതിരേ അതിരൂക്ഷ വിമർശനവുമായി ഡൽഹിയിലെ മല്ലികാർജുൻ ഖാർഗെയുടെ വസതിക്ക് മുമ്പിൽ ഫ്ലക്സ്. ലേശം ഉളുപ്പുണ്ടെങ്കിൽ കെസി ജനവിധി മാനിക്കണമെന്നും നയിച്ചവൻ നയിക്കട്ടെയെന്നുമാണ് ഫ്ലക്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ചോറ് കഴിക്കുന്ന ഒരു മലയാളി എന്ന പേരിലാണ് ഫ്ലക്സ് സ്ഥാപിച്ചിട്ടുള്ളത്. കേരളത്തിലെ മുഖ്യമന്ത്രിയെ തീരുമാനിക്കാൻ നിയോഗിച്ച എഐസിസി നിരീക്ഷകരും ഖാർഗെയുമായി കൂടിക്കാഴ്ച നടത്തിയ സമയത്താണ് ഫ്ലക്സ് പ്രത്യക്ഷപ്പെട്ടത്.

കണ്ണൂർ കല്യാശേരി സ്വദേശിയായ യുവാവാണ് ഇവിടെ ഫ്ലക്സ് സ്ഥാപിച്ചത്. സതീശൻ മുഖ്യമന്ത്രിയാകാനാണ് ജനം വോട്ട് ചെയ്തത്. ആ പിന്തുണ അറിയിക്കാനാണ് ഫ്ലക്സ് സ്ഥാപിച്ചതെന്ന് ഇയാൾ പിന്നീട് മാധ്യമങ്ങളോട് പറഞ്ഞു.

## പുറത്തുവന്നത് വ്യാജരേഖ; മുഖ്യമന്ത്രി തീരുമാനം ഉടനെന്ന് കോൺഗ്രസ് നേതൃത്വം

ന്യൂഡൽഹി: മുഖ്യമന്ത്രി ചർച്ചകളിൽ എംഎൽഎമാരുടെ അഭിപ്രായം രേഖപ്പെടുത്തിയെന്ന രീതിയിൽ പുറത്തുവന്ന രേഖ എഐസിസി നിരീക്ഷകർ തള്ളി. പുറത്തുവന്നത് യാഥാർഥ രേഖയല്ലെന്നും മുഖ്യമന്ത്രിയാരെന്നതിൽ തീരുമാനം ഉടൻ ഉണ്ടാകുമെന്നും നിരീക്ഷകരായ മുകുൾ വാസ്നിക്കും അജയ് മാക്കനും പറഞ്ഞു

കൂടിയാലോചനക്ക് ശേഷമുള്ള വിവരങ്ങളല്ല അതിൽ പ്രതിഫലിക്കുന്നത്. ഏറെ ഗൗരവത്തോടെയാണ് മുഖ്യമന്ത്രിയെ നിർണയിക്കാനുള്ള ചർച്ചകൾ പുരോഗമിക്കുന്നത്. ഇന്നലെ ചേർന്ന കോൺഗ്രസ് നിയമസഭാകക്ഷി യോഗത്തിൽ ഒറ്റ വരി പ്രമേയം പാസാക്കിയെന്നും അദ്ദേഹം വെളിപ്പെടുത്തി.

നിയമസഭാ കക്ഷി നേതാവിനെ തീരുമാനിക്കാൻ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയോട് ആവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്നു പ്രമേയം. എംഎൽഎമാരുമായും ചർച്ച നടത്തി. എല്ലാം ഉൾക്കൊള്ളിച്ചുള്ള വിശദമായ റിപ്പോർട്ടാണ് കോൺഗ്രസ് അധ്യക്ഷന് നൽകിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# മുന്തിരിക്കുല ചതിച്ചു; ചിഹ്നം തിരിച്ചറിയാതെ കുഴങ്ങി വോട്ടർമാർ

വിഴിഞ്ഞം: സ്വതന്ത്ര ചിഹ്നമായ കുടവുമായി 2021-ൽ ജില്ലാ പഞ്ചായത്ത് സ്ഥാനാർഥിയായി കളത്തിലിറങ്ങിയ ഭഗത് റൂഫസിന് കുടം നിറച്ചും വോട്ടുനൽകി വിജയിപ്പിച്ച് അനുഗ്രഹിച്ച വോട്ടർമാർക്ക് കോവളം നിയോജക മണ്ഡലത്തിലെ മുന്തിരിക്കുല അത്ര പിടിച്ചില്ല. മണ്ഡലത്തിലെ വോട്ടർമാർക്ക് പരിചയമില്ലാത്ത ഒരു ചിഹ്നം ഇടതുപക്ഷത്തിൻറേതെന്നു പറഞ്ഞു പഠിപ്പിക്കാനും പ്രവർത്തകർക്കു പാടുപെടെണ്ടി വന്നു. കാലാകാലങ്ങളായി എൽഡിഎഫിൻറെ ചിഹ്നമായ ജനതാദളിൻറെ കറ്റയേന്തിയ കർഷക സ്ത്രീയെ കണ്ടു വളർന്ന പഴയ തലമുറക്കാർക്ക് ഇവിഎം മെഷീനിൽ അതില്ലാതിരുന്നതും ആശയക്കുഴപ്പത്തിനു വഴിതെളിച്ചു.

ഒടുവിൽ ഇടതുപക്ഷ അനുഭാവികളും എന്നും കണ്ടു പരിചയമുള്ള കൈപ്പത്തിയിൽ കുത്തി മടങ്ങിയെന്നാണറിവ്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് നാമനിർദേശപത്രിക സമർപ്പണത്തിൻറെ അവസാന ദിനത്തിലാണ് എൽഡിഎഫിന് വേണ്ടി സിപിഎമ്മിലെ സ്വതന്ത്ര സ്ഥാനാർഥിയായി ഭഗത് റൂഫസ് കളത്തിലിറങ്ങിയത്. തിടുക്കത്തിൽ സ്ഥാനാർഥിയുടെ പേര് ഉൾപ്പെടെയുള്ള ചുവരെഴുത്തുകൾ പൂർത്തിയാക്കിയെങ്കിലും ചിഹ്നത്തിൻറെ കോളം ഒഴിച്ചിട്ടു.

ഒടുവിൽ ഏറെ വൈകിക്കിട്ടിയ മുന്തിരിക്കുലയെന്ന അടയാളത്തെ മണ്ഡലം മുഴുവൻ പരിചയപ്പെടുത്താനും പ്രവർത്തകർ ഏറെ പാടുപെട്ടു. പ്രായമായവരെ പറഞ്ഞു മനസിലാക്കാൻ പോസ്റ്ററിനൊപ്പം കടയിൽ നിന്നു വിലകൊടുത്തു വാങ്ങിയ മുന്തിരിക്കുലയും പാർട്ടിക്ക് കരുതേണ്ടിവന്നു. ചിഹ്നം മറക്കാതിരിക്കാൻ തെരഞ്ഞെടുപ്പ് വോട്ടിംഗ് കേന്ദ്രത്തിനു സമീപം ഒരുക്കിയ ബൂത്തുകൾക്ക് മുന്നിലും പാത്രങ്ങളിൽ മുന്തിരിക്കുല നിരത്തിവച്ചിരുന്നു. എന്നാലും വോട്ട് കുത്താൻ പോയ ബഹുഭൂരിപക്ഷവും മുന്തിരിക്കുലയെയും സ്ഥാനാർഥിയായ ഭഗത് റൂഫസിനെയും മറന്നെന്നാണ് ആരോപണം.

ഭരണവിരുദ്ധ വികാരത്തിനൊപ്പം വോട്ടു പിടിത്തത്തിൽ എൽഡിഎഫിലെ അനൈക്യവും കൂടിച്ചേർന്നപ്പോൾ ഭഗത്തിനു ദയനീയ തോൽവിയായി. സേവ് കോൺഗ്രസ് എന്ന പേരിൽ പഴയകാല കോൺഗ്രസുകാർ ചേർന്ന് എതിരായെങ്കിലും വിൻസൻറി ൻറെ ഭൂരിപക്ഷം 2021 ലെ 11 ,652 ഉം താണ്ടി 32,709 ആയി റിക്കാർഡിലേക്ക് ഉയർന്നു. പോസ്റ്റൽ ബാലറ്റ് മുതൽ മുന്നേറ്റം തുടർന്ന കോൺഗ്രസിലെ അഡ്വ. വിൻസൻറിനെ പിന്നിലേക്കു തിരിഞ്ഞ് നോക്കേണ്ടിവന്നില്ല.

വോട്ടുകൾ കുറയുമെന്നു നേരത്തെ വിലയിരുത്തിയ എല്ലാ പഞ്ചായത്തുകളും കോൺഗ്രസിനെ കാര്യമായി അനുഗ്രഹിച്ചു. തൊട്ടടുത്ത സ്ഥാനാർഥികളെയെല്ലാം പിന്തള്ളി തീരദേശമായ വിഴിഞ്ഞം വില്ലേജിൽനിന്ന് മാത്രം 7151 വോട്ടിൻറെ മുൻതൂക്കം നേടാൻ വിൻസൻറിനായത് ഏറെ ശ്രദ്ധേയമായി.

കരിംകുളം പഞ്ചായത്തിൽ നിന്ന് 4589 ഉം കോട്ടുകാലിൽ നിന്ന് 3851, ബാലരാമപുരത്ത് നിന്ന് 4049, കാത്തിരംകുളത്ത് നിന്ന് 3767, വെങ്ങാനൂരിൽനിന്ന് 3192, കല്ലിയൂരിൽനിന്ന് 2202, പൂവാർ പഞ്ചായത്തിൽ നിന്ന് 1976 വോട്ടുകളും ഭൂരിപക്ഷമായി വിൻസൻറിനു ലഭിച്ചു.

2016-ൽ വിൻസൻറിനെതിരെ എൻഡിഎ സ്ഥാനാർഥിയി രംഗത്തിറങ്ങിയ ടി.എൻ. സുരേഷ് മുപ്പത്തിരണ്ടായിരത്തിൽപ്പരം വോട്ടുകൾ സ്വന്തമാക്കിയെങ്കിൽ ഇക്കുറി താമര ചിഹ്നത്തിൽ മത്സരിച്ച സുരേഷിന് 25,380 വോട്ടുകൾ കൊണ്ട് തൃപ്തിപ്പെടെണ്ടിവന്നു. കല്ലിയൂർ പഞ്ചായത്തിൽ രണ്ടാം സ്ഥാനത്ത് എത്താൻ കഴിഞ്ഞ സുരേഷിനെ മറ്റു പഞ്ചായത്തുകൾ തീരെയും സഹായിച്ചില്ല.

## തമിഴ്നാട്ടിൽ നാടകീയ നീക്കങ്ങൾ; ഇടത് പാർട്ടികൾ വിജയ്യെ പിന്തുണച്ചേക്കും

ചെന്നൈ: രാഷ്ട്രീയ നാടകങ്ങൾ തുടരുന്ന തമിഴ്നാട്ടിൽ ഇടതുപക്ഷം വിജയ്യെ പിന്തുണച്ചേക്കുമെന്ന് റിപ്പോർട്ട്. ഇതുമായി ബന്ധപ്പെട്ട് ഇടതുപാർട്ടികളുടെ നേതൃത്വത്തിൽ യോഗം ചേർന്നു. സിപിഎം, സിപിഐ, വിസികെ പാർട്ടികളുടെ പിന്തുണ ടിവികെ അഭ്യർഥിച്ചിരുന്നു. ഈ പാർട്ടികൾക്ക് വിജയ് മന്ത്രിസ്ഥാനം വാഗ്ദാനം ചെയ്തതായും റിപ്പോർട്ടുകളുണ്ട്. അതിനിടെ ഡിഎംകെയും അണ്ണാ ഡിഎംകെയും തമ്മിൽ കൈകോർത്ത് ഭരിക്കാമെന്ന നീക്കത്തിൽ നിന്ന് ഇവർ പിൻവാങ്ങിയതായി സൂചനയുണ്ട്. ഇരു പാർട്ടികളും ബദ്ധശത്രുക്കളാണെന്നും ഒന്നിച്ചുപോകാൻ കഴിയില്ലെന്നും ഡിഎംകെ നേതാവ് ടി. കെ. എസ്. ഇളങ്കോവൻ പറഞ്ഞു. അതേസമയം അണ്ണാ ഡിഎംകെ എംഎൽഎമാരെല്ലാം ഇപ്പോഴും പുതുച്ചേരിയിൽ തുടരുകയാണ്.

## ഗൂഡല്ലൂരിൽ കാട്ടാനയുടെ ആക്രമണം; ഒരാൾ മരിച്ചു, മറ്റൊരാൾക്ക് പരിക്ക്

സുൽത്താൻബത്തേരി: ഗൂഡല്ലൂരിൽ കാട്ടാനയുടെ ആക്രമണത്തിൽ ഒരാൾ മരിച്ചു. അയ്യൻകൊല്ലിക്ക് സമീപം തട്ടാൻപാറ മുരുക്കംപാടി ഉന്നതിയിലാണ് സംഭവം.

മുരുക്കംപാടി സ്വദേശി ചെമ്പൻ (65) ആണ് മരിച്ചത്. ഇദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന വിഷ്ണു പരിക്കുകളോടെ രക്ഷപ്പെട്ടു. ഇന്ന് പുലർച്ചെ അഞ്ചോടെ വീടിന് പുറത്തിറങ്ങിയ സമയത്താണ് ഇവർക്ക് നേരെ ആനയുടെ ആക്രമണമുണ്ടായത്. പരിക്കേറ്റ വിഷ്ണു ചികിത്സയിലാണ്. മരിച്ച ചെമ്പൻറെ മൃതദേഹം പോസ്റ്റ്മോർട്ടം നടപടികൾക്കായി പന്തല്ലൂർ സർക്കാർ ആശുപത്രിയിലേയ്ക്ക് മാറ്റി.

## ഇടത് നയത്തിൽനിന്ന് പിണറായി സർക്കാർ വ്യതിചലിച്ചു; രൂക്ഷവിമർശനവുമായി പ്രകാശ് ബാബു

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് തോൽവിയിൽ സിപിഎമ്മിനും പിണറായി സർക്കാരിനുമെതിരേ ആഞ്ഞടിച്ച് സിപിഐ കേന്ദ്ര സെക്രട്ടേറിയറ്റ് അംഗം പ്രകാശ് ബാബു. ഇടത് നയത്തിൽനിന്ന് പിണറായി സർക്കാർ വ്യതിചലിച്ചെന്ന് അദ്ദേഹം പറഞ്ഞു. മുന്നണിയിൽ കൂടിയാലോചനയില്ലാതെ സർക്കാർ എടുത്ത തീരുമാനങ്ങൾ തിരിച്ചടിയായി. ഒരു സർക്കാരാകുമ്പോൾ അതിൻറെ സംവിധാനങ്ങൾക്ക് ചില നടപടിക്രമങ്ങൾ പാലിക്കേണ്ടതായിവരും. എന്നാൽ മുന്നണിയിൽ ചർച്ചചെയ്തിട്ടാണോ പല തീരുമാനങ്ങളും എടുത്തതെന്ന് ചർച്ചചെയ്യേണ്ടതാണ്. മുന്നണിയിൽ വേണ്ടത്ര ചർച്ചചെയ്യാതെ ഒരു തീരുമാനം എടുത്ത് എല്ലാവരെയും ബോധ്യപ്പെടുത്തുന്നതിന് മുന്പ് പോയി ഒപ്പിട്ടു കൊടുത്തതാണ് പിഎം ശ്രീയിലെ പ്രശ്നം. അത് ചെയ്യാൻ പാടില്ല. സർക്കാർ നിലപാടിൽ വ്യതിയാനം കണ്ടപ്പോൾ പല കാര്യങ്ങളിലും മാറ്റം വേണമെന്ന് സിപിഐ ആർജവത്തോടെ ആവശ്യപ്പെട്ടിട്ടുണ്ട്. തിരുത്തേണ്ട സമയത്ത് തിരുത്താൻ പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# നഗരത്തിൽ ഓടക്കെണികൾ; യാത്രക്കാർ സൂക്ഷിക്കുക

കൊല്ലം : കാൽനടയാത്രക്കാരെ വീഴ്ത്തുംവിധം കെണിയൊരുക്കി നഗരത്തിലെ ഓടകൾ. പ്രധാന പാതകളിൽപ്പോലും മൂടിയില്ലാത്ത ഓടകളും തകർന്ന സ്ലാബുകളും യാത്രക്കാർക്ക് അപകടഭീഷണി ഉയർത്തുന്നുണ്ട്. യഥാസമയം ശുചീകരണമില്ലാത്തതും ഓടകൾ നവീകരിക്കാത്തതുമാണ് ഇതിനു കാരണം. ടൗൺ യുപിഎസിനു സമീപം ജില്ലാ ജയിലിൻറെ മതിലിനോട് ചേർന്നുള്ള ഓടയുടെ സ്ലാബുകൾ നിര തെറ്റിയനിലയിലാണ്.

പലതും ഉയർന്നും താഴ്ന്നും ക്രമംതെറ്റിയാണ് ഇട്ടിരിക്കുന്നത്. കാൽനടയാത്രക്കാർ നടക്കുന്നതും ഇതിനു മുകളിലൂടെയാണ്. മെയിൻ റോഡിൽ പലയിടത്തും ഇതുതന്നെയാണ് അവസ്ഥ.ഹൈസ്കൂൾ ജംഗ്ഷനിൽ ഗേൾസ് സ്കൂളിനു മുന്നിലുള്ള ഓടയ്ക്കു സമീപത്തുകൂടി മൂക്കുപൊത്താതെ നടന്നുപോകാനാകില്ല. പോളയത്തോട്, ചിന്നക്കട എന്നിവിടങ്ങളിൽ ഓടയ്ക്കു മുകളിലുള്ള സ്ലാബുകൾ ക്രമരഹിതമായാണ് ഇട്ടിരിക്കുന്നത്. ചിലതു തകർന്നിട്ടുമുണ്ട്.

മേടയിൽമുക്ക്-രാമൻകുളങ്ങര ജംഗ്ഷൻ റോഡിൽ പലഭാഗത്തും ഓടയുടെ സ്ലാബുകൾ തകർന്നനിലയിലാണ്. പഴക്കംചെന്ന സ്ലാബുകൾ വെള്ളം കയറുമ്പോൾ കുതിർന്ന് തകർന്നുപോകാൻ സാധ്യതയുണ്ട്. വെള്ളയിട്ടമ്പലംമുതൽ പലഭാഗത്തും ഓടകൾ കാണാനേയില്ല, പലതും കാലപ്പഴക്കം മൂലം മണ്ണിനടിയിലായി. പലയിടത്തും വ്യക്തികൾ ഓടകൾ മണ്ണിട്ട് നികത്തിയിട്ടുമുണ്ട്. രാത്രിയിൽ മൂടിയില്ലാത്ത ഓടകളിലൂടെ മലിനജലവും ഭക്ഷ്യാവശിഷ്ടങ്ങൾ ഉൾപ്പെടെ മാലിന്യവും തള്ളുന്നുമുണ്ട്. ഇടറോഡുകളിൽനിന്നുള്ള വെള്ളം പ്രധാന റോഡിലെത്തി ഓടയിലൂടെയാണ് ഒഴുകിപ്പോകുന്നത്. ഓടകൾ അടഞ്ഞിരിക്കുന്നതിനാൽ ഇടറോഡുകളിൽ മഴക്കാലത്ത് വലിയ വെള്ളക്കെട്ടാണുണ്ടാകുന്നത്മഴക്കാലപൂർവ മുന്നൊരുക്കങ്ങളുടെ ഭാഗമായി ഓടകളുടെ ശുചീകരണപ്രവർത്തനങ്ങൾ നടത്തും. എന്നാൽ ഇത് ഓടയിൽനിന്ന് റോഡിലേക്കാണെന്നു മാത്രം. ഓടകളിൽനിന്നു കോരുന്ന മണ്ണും ചെളിയും മാലിന്യവും കരയിൽ വെച്ച ശേഷം ഓട സ്ലാബിട്ട് പോകും. ദിവസങ്ങൾ കഴിഞ്ഞാലും ഈ മാലിന്യം നീക്കം ചെയ്യാൻ നടപടിയില്ല. മഴ പെയ്യുന്നതോടെ ഇത് വീണ്ടും ഓടയിലേക്കുതന്നെ ഒലിച്ചിറങ്ങും. റോഡിനിരുവശവും വീണ്ടും വെള്ളക്കെട്ടാകും.മേടയിൽമുക്ക്-രാമൻകുളങ്ങര റോഡിൽ മഴക്കാലപൂർവ ശുചീകരണങ്ങളുടെ ഭാഗമായി ഓടയിൽനിന്നുള്ള മാലിന്യങ്ങൾ നീക്കി, റോഡരികിലാണ് കോരിവെച്ചിരിക്കുന്നത്.

മൂന്നു ദിവസത്തിലധികമായി ശുചീകരണം നടത്തിയിട്ട്. മണ്ണും ചെളിയും കോൺക്രീറ്റ് കട്ട ഉൾപ്പെടെ റോഡരികിൽ കൂട്ടിവെച്ചിരിക്കുകയാണ്. കാൽനടയാത്രക്കാർക്ക് നടന്നുപോകാനും ഇടമില്ല.

# തലയിൽ പതിക്കുമോ കാത്തിരിപ്പ് കേന്ദ്രം

കൊല്ലം: ചിറ്റുമല ദേവീ ക്ഷേത്രത്തിനുസമീപം കുണ്ടറയിലേക്കു പോകുന്ന യാത്രക്കാർക്കായുള്ള ബസ് കാത്തിരിപ്പ് കേന്ദ്രം നശിച്ച് തലയിൽ വീഴാറായിട്ടും പരിഹാര മാർഗമില്ല.വർഷങ്ങൾക്ക് മുൻപ് നിർമിച്ച ഈ കെട്ടിടം നിലവിൽ യാത്രക്കാർക്കു പ്രയോജനപ്പെടുന്നതിനേക്കാൾ ഉപരിയായി വലിയൊരു അപകടഭീഷണിയായി മാറിയിരിക്കുകയാണ്.മേൽക്കൂരയുടെ കോൺക്രീറ്റ് പാളികൾ പലേടത്തും ഇളകി വീണ നിലയിലാണ്. ഉൾഭാഗത്തെ കമ്പികൾ തുരുമ്പെടുത്ത് പുറത്തേക്ക് തള്ളി നിൽക്കുന്നു. ഏതു നിമിഷവും മേൽക്കൂര താഴേക്ക് പതിക്കാം എന്ന അവസ്ഥ. കെട്ടിടത്തെ താങ്ങി നിർത്തുന്ന തൂണുകളിലും വലിയ വിള്ളലുകൾ രൂപപ്പെട്ടിട്ടുണ്ട്.

മഴക്കാലത്ത് മേൽക്കൂരയിൽ നിന്ന് വെള്ളം ഒലിച്ചിറങ്ങുന്നതിനാൽ യാത്രക്കാർക്ക് ഇതിനുള്ളിൽ കയറി നിൽക്കാൻ പോലും സാധിക്കാത്ത അവസ്ഥയാണ്. പൊളിഞ്ഞു വീഴാവുന്ന അവസ്ഥയിലായ കാത്തിരിപ്പ് കേന്ദ്രം പൊളിച്ചുനീക്കി പുതിയത് നിർമിക്കാൻ അധികൃതർ തയാറാവണമെന്നാണ് യാത്രക്കാരുടെ ആവശ്യം.50 വർഷം പഴക്കമുള്ള ജീർണിച്ച കാത്തിരിപ്പ് കേന്ദ്രം പൊളിച്ച് മാറ്റണമെന്ന് ആവശ്യപ്പെട്ട് കിഴക്കേ കല്ലട പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ ദേവസ്വം ബോർഡ് അസിസ്റ്റൻറ് കമ്മിഷണർക്കും നാഷണൽ ഹൈവേ എക്സിക്യൂട്ടീവ് എൻജിനിയർക്കും നിവേദനം നൽകി. സ്ഥലം സന്ദർശിച്ച് വേണ്ട നടപടി സ്വീകരിക്കുമെന്ന് ഉദ്യോഗസ്ഥർ ഉറപ്പ് നൽകിയിട്ടുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മാലിന്യം തള്ളുന്നത് തടഞ്ഞു; പുതുവൈപ്പിനിൽ സമരസമിതി രക്ഷാധികാരിയുടെ ഹോട്ടലിന് നേരെ ആക്രമണം

കൊച്ചി: എറണാകുളം സൗത്ത് പുതുവൈപ്പ് മേഖലയിൽ അനധികൃതമായി മാലിന്യം തള്ളുന്നത് തടഞ്ഞ സമരസമിതി രക്ഷാധികാരിയുടെ ഹോട്ടൽ തകർത്തു. വെള്ളിയാഴ്ച പുലർച്ചെയാണ് കെ. എച്ച്. അബ്ബാസിൻറെ ഹോട്ടലിന് നേരെ ആക്രമണം ഉണ്ടായത്. സൗത്ത് പുതുവൈപ്പ് ബെൽബോ പാലത്തിന് സമീപമുള്ള ഹോട്ടലിന് നേരെയാണ് ആക്രമണം നടന്നത്.

ഗ്ലാസ് ചില്ലുകൾ എറിഞ്ഞു പൊട്ടിക്കുകയും ബോർഡുകളും മറ്റും തകർക്കുകയും ചെയ്തു. കഴിഞ്ഞ ദിവസം സൗത്ത് പുതുവൈപ്പ് ഭാഗത്ത് മാലിന്യങ്ങളുമായി എത്തിയ വാഹനങ്ങളെ തടയുകയും തിരിച്ച് വിടുകയും ചെയ്തിരുന്നു. ഇതിനെതിരെ മാലിന്യം എത്തിക്കുന്ന ഇടനിലക്കാർ നൽകിയ പരാതിയിൽ വ്യാഴാഴ്ച അബ്ബാസിനെ പോലീസ് സ്റ്റേഷനിൽ വിളിച്ചു വരുത്തിയിരുന്നു.

മെഡിക്കൽ വേസ്റ്റ് ഉൾപ്പെടെയുള്ള പ്ലാസ്റ്റിക്, ഖരമാലിന്യങ്ങളാണ് ദിനംപ്രതി ഇവിടെ തള്ളുന്നത്. നിരവധി പരാതികൾ പോലീസിനും ജില്ലാ ഭരണകൂടത്തിനും നൽകിയിട്ടും നടപടി ഇല്ലാതായപ്പോഴാണ് നാട്ടുകാർ തീരസംരക്ഷണ സമിതി രൂപീകരിച്ചത്. വൻ മാഫിയയാണ് ഇതിന് പിന്നിലെന്നും ഇതിൽ പോലീസിനും ഉദ്യോഗസ്ഥന്മാർക്കും പങ്കുണ്ടെന്നുമാണ് നാട്ടുകാരുടെ ആരോപണം. യൂണിവേഴ്സിറ്റി കവല, ആർഎംപി തോടിൻറെ പരിസരങ്ങൾ, ബെൽബോ റോഡിൻറെ വശങ്ങൾ എന്നിവിടങ്ങളിലുള്ള ചതുപ്പുകളിലും തണ്ണീർത്തടങ്ങളിലുമാണ് മാലിന്യം നിക്ഷേപിക്കുന്നത്. നാട്ടുകാർക്ക് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന മാലിന്യം തള്ളൽ അവസാനിപ്പിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി രക്ഷാധികാരിയുടെ ഹോട്ടൽ തകർത്ത കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

# മുഖ്യമന്ത്രി സ്ഥാനം: സംസ്ഥാനത്ത് ഫ്ലക്സ് യുദ്ധം

തിരുവനന്തപുരം: മുഖ്യമന്ത്രി പദത്തെ ചൊല്ലി സംസ്ഥാനത്തെമ്പാടും ഫ്ളക്സ് യുദ്ധം. എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ, പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ എന്നിവരെ മുഖ്യമന്ത്രിയായി ഉയർത്തികാട്ടിയുള്ള ഫ്ളക്സ് ബോർഡുകളാണ് തലസ്ഥാന നഗരത്തിലും സെക്രട്ടറിയേറ്റിനു സമീപത്തും സ്ഥാപിച്ചിരിക്കുന്നത്. രമേശ് ചെന്നിത്തലയുടെ ഫ്ളക്സ് ബോർഡുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും മറ്റുള്ളവരെ അപേക്ഷിച്ച് കുറവാണ്.

കെപിസിസി ആസ്ഥാനത്തിനു സമീപം സ്ഥാപിച്ച കെ. സി. വേണുഗോപാലിൻറെ ഫ്ളക്സ് ബോർഡിൽ കരിഓയിൽ ഒഴിച്ച നിലയിൽ കണ്ടെത്തി. തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, വയനാട്, കോഴിക്കോട് ഉൾപ്പെടെയുള്ള ജില്ലകളിലെ വിവിധ സ്ഥലങ്ങളിലാണ് ഫ്ളക്സ് ബോർഡുകൾ നിരത്തിയിരിക്കുന്നത്.

വി. ഡി. സതീശന് അനുകൂലമായി വ്യാഴാഴ്ച സംസ്ഥാനത്തിൻറെ വിവിധ സ്ഥലങ്ങളിൽ വി. ഡി. പക്ഷം പ്രകടനങ്ങൾ നടത്തിയിരുന്നു. എഐസിസി നിരീക്ഷകരായ അജയ്മാക്കനും മുകുൾ വാസ്നിക്കും എഐസിസി ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷിയും വ്യാഴാഴ്ച തലസ്ഥാനത്ത് എംഎൽഎമാരുടെ അഭിപ്രായം തേടാൻ എത്തിയവേളയിലുണ്ടായ ഫ്ളക്സ് യുദ്ധവും വാക്ക് പോരുകളും നിരീക്ഷകർക്ക് അതൃപ്തിയുളവാക്കിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട് എഐസിസി പ്രസിഡൻറ് മല്ലികാർജുൻ ഖാർഗെയ്ക്ക് സമർപ്പിക്കുമെന്നാണ് ലഭിക്കുന്ന സൂചന.

മുഖ്യമന്ത്രിസ്ഥാനപ്പോരിൽ കോൺഗ്രസിലെ മുതിർന്ന നേതാക്കൾക്കും ഹൈക്കമാൻഡിനും കടുത്ത അതൃപ്തിയുണ്ട്. ചരിത്രവിജയത്തിൻറെ ശോഭ കെടുത്തുന്ന സംഭവ വികാസങ്ങളാണ് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നാണ് മുതിർന്ന നേതാക്കളുടെ അഭിപ്രായം.

അതേസമയം എംഎൽഎമാരുടെ അഭിപ്രായം തേടി നിരീക്ഷകർ തയാറാക്കിയ റിപ്പോർട്ട് എഐസിസി പ്രസിഡൻറിന് ഇന്ന് കൈമാറും. കേരളത്തിലെ കോൺഗ്രസ് എംഎൽഎമാരിൽ ഭൂരിപക്ഷം പേരും കെ. സി. വേണുഗോപാലിനെ പിന്തുണച്ചിരിക്കുന്നത്.

# പ്രതിപക്ഷ ഉപനേതാവ് സ്ഥാനം സിപിഐയ്ക്ക് വേണം; സാങ്കേതികമായ തടസങ്ങൾ പ്രശ്നമല്ല: ബിനോയ് വിശ്വം

തിരുവനന്തപുരം: സിപിഐയിൽ നേതൃമാറ്റത്തിൻറെ സാഹചര്യം ഇല്ലെന്ന് സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം.

പ്രതിപക്ഷ ഉപനേതാവ് സ്ഥാനം സിപിഐക്ക് വേണമെന്നും ബിനോയ് വിശ്വം ആവശ്യപ്പെട്ടു. സാങ്കേതികമായ തടസങ്ങൾ പ്രശ്നമല്ലെന്നും മുൻപും ഇത്തരം തടസങ്ങൾ നീക്കി നടപടി ഉണ്ടായിട്ടുണ്ടെന്നും ബിനോയ് വിശ്വം പറഞ്ഞു.

മന്ത്രിമാരിൽ ഭൂരിഭാഗം പേരും വിജയിച്ചതിൽ അഭിമാനമുണ്ട്. സമീപനത്തിൻറെ പ്രശ്നമാണോ എന്ന ചോദ്യത്തോട്, രണ്ടും രണ്ട് പാർട്ടികൾ എന്നായിരുന്നു ബിനോയ് വിശ്വത്തിൻറെ മറുപടി. പ്രതിപക്ഷ നേതാവിനെ സിപിഎം തീരുമാനിക്കും. ഇടത് നയവ്യതിയാനങ്ങൾ വന്നപ്പോൾ തിരുത്തേണ്ട ഘട്ടങ്ങളിൽ സിപിഐ തിരുത്തിയിട്ടുണ്ട്.

എലപ്പുള്ളി ബ്രൂവറി, പിഎംശ്രീ മുതലായവ ഉദാഹരണമാണെന്നും ബിനോയ് വിശ്വം ചൂണ്ടിക്കാട്ടി. സഖാക്കൾക്ക് തുറന്നടിക്കാം എന്ന എംഎ ബേബിയുടെ പ്രസ്താവനയിൽ സിപിഐയിൽ എപ്പോഴും തുറന്ന ചർച്ചകൾ പ്രോത്സാഹിപ്പിക്കാറുണ്ടെന്നായിരുന്നു ബിനോയ് വിശ്വത്തിൻറെ പ്രതികരണം.

# ലെവൽ ക്രോസ് നിയമലംഘനം: ലൈസൻസ് റദ്ദാക്കും

തിരുവനന്തപുരം: റെയിൽവേ ലെവൽ ക്രോസിംഗ് ഗേറ്റുകൾ തകർക്കുന്നതും ഗേറ്റിനുള്ളിൽ അശ്രദ്ധമായി വാഹനം ഓടിച്ചു കുടുങ്ങുന്നതും തടയാൻ കർശന നടപടികളുമായി തിരുവനന്തപുരം റെയിൽവേ ഡിവിഷൻ.

സുരക്ഷാനിയമങ്ങൾ ലംഘിക്കുന്ന വ്യക്തികളുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യാനോ റദ്ദാക്കാനോ മോട്ടോർ വാഹന വകുപ്പിനോട് റെയിൽവേ സുരക്ഷാസേന (ആർപിഎഫ്) ശിപാർശ ചെയ്യും. ഇതുസംബന്ധിച്ച സംസ്ഥാന ട്രാൻസ്പോർട്ട് കമ്മീഷണറുടെ 07/2026 നമ്പർ സർക്കുലർ നിലവിൽ വന്നു

മുന്നറിയിപ്പു സിഗ്നലുകൾ അവഗണിച്ചോ, ഗേറ്റ് അടയ്ക്കുന്നതിനിടയിലോ ബലമായി കടക്കാൻ ശ്രമിക്കുന്നതു ഗുരുതരമായ ക്രിമിനൽ കുറ്റമായി കണക്കാക്കും. ലൈസൻസ് റദ്ദാക്കലിനു പുറമെ, റെയിൽവേ സ്വത്തുക്കൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കു പിഴയും ശിക്ഷയും നേരിടേണ്ടി വരും. ഇത്തരം സംഭവങ്ങൾ ട്രെയിൻ യാത്രക്കാരുടെയും റെയിൽവേ ജീവനക്കാരുടെയും ജീവൻ അപകടത്തിലാക്കുന്നതിനാലാണു കടുത്ത നടപടി.

2025-ൽ തിരുവനന്തപുരം ഡിവിഷനിൽ 104 ഗേറ്റ് തകർക്കൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2026-ൽ ഇതുവരെ 27 സംഭവങ്ങളാണുണ്ടായത്. ഇത്തരത്തിലുള്ള ഓരോ സംഭവവും ട്രെയിൻ സർവീസ് വൈകിപ്പിക്കുകയും വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുകയും ചെയ്യുന്നു. അക്ഷമയോടെയുള്ള ഡ്രൈവിംഗും അമിതവേഗവുമാണ് അപകടങ്ങൾക്കു പ്രധാന കാരണമെന്ന് വിലയിരുത്തുന്നു.

മുന്നറിയിപ്പു സിഗ്നൽ ലഭിച്ചാലുടൻ വാഹനം നിർത്തുക, ഗേറ്റ് പൂർണമായി തുറന്ന ശേഷം മാത്രം ശ്രദ്ധയോടെ കടക്കുക, ഗേറ്റിനിടയിൽ കുടുങ്ങുന്ന സാഹചര്യം ഒഴിവാക്കാൻ അതീവ ജാഗ്രത പാലിക്കുക തുടങ്ങിയ നിർദേശങ്ങൾ റെയിൽവേ നൽകിയിട്ടുണ്ട്. മനുഷ്യജീവൻ സംരക്ഷിക്കാനും സുരക്ഷിത യാത്ര ഉറപ്പാക്കാനും പൊതുജനങ്ങൾ സർക്കാർ നിർദേശങ്ങളോടു പൂർണമായി സഹകരിക്കണമെന്ന് ആർപിഎഫ് അഭ്യർഥിച്ചു.

# വിജയത്തിൻെറ ശോഭ കെടുത്തും; മുഖ്യമന്ത്രി ചർച്ച നീളുന്നതിൽ മുസ്ലിം ലീഗിന് അതൃപ്തി

മലപ്പുറം: കോൺഗ്രസിൽ മുഖ്യമന്ത്രി ചർച്ച നീളുന്നതിൽ മുസ്ലിം ലീഗിന് അതൃപ്തി. കോൺഗ്രസിൻറെ മുഖ്യമന്ത്രി തർക്കങ്ങൾ വിജയത്തിന്റെ ശോഭ കെടുത്തുമെന്നാണ് മുസ്ലീം ലിഗിൻറെ വിലയിരുത്തൽ. എത്രയും വേഗം മുഖ്യമന്ത്രിയെ തീരുമാനിക്കണമെന്നാണ് ലീഗിൻറെ നലപാട്.

വി. ഡി. സതീശന് തന്നെയാണ് ലീഗിൻറെ പിന്തുണ. മാത്യു കുഴൽനാടൻറെ പ്രസ്താവനയിലും ലീഗിന് അതൃപ്തിയുണ്ട്. മുഖ്യമന്ത്രി ചർച്ചകളിൽ എഐസിസി നിരീക്ഷകരെ മുസ്ലീം ലീഗ് വ്യാഴാഴ്ച നിലപാട് അറിയിച്ചിരുന്നു.

ഘടകകക്ഷികളുടെ നിലപാട് ചർച്ച ചെയ്ത ശേഷം ഹൈക്കമാൻഡ് തീരുമാനം അറിയിക്കുമെന്നും മുസ്ലീം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. കൂടുതൽ തുറന്നു പറയാൻ ഈ സാഹചര്യത്തിൽ കഴിയില്ലെന്ന് പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു.

അതേസമയം, മുസ്ലിം ലീഗ് ഫിഷറീസ് വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യവും ഉയർന്നു. മത്സ്യതൊഴിലാളി ഫെഡറേഷൻ എസ്ടിയൂ ആണ് ആവശ്യമുന്നയിച്ചത്. പാണക്കാട് സാദിക്കലി തങ്ങളെ കണ്ടാണ് ആവശ്യമറിയിച്ചത്.

# യുവതിയെ കത്തി കാട്ടി ബലാത്സംഗം ചെയ്യാൻ ശ്രമം; മുഖ്യപ്രതി അറസ്റ്റിൽ

കൊച്ചി: യുവതിയെ കത്തി കാട്ടി ഭീഷണിപ്പെടുത്തി ബലാത്സംഗം ചെയ്യാൻ ശ്രമിച്ച സംഭവത്തിൽ മുഖ്യപ്രതി സഞ്ജയ് അറസ്റ്റിൽ. അരൂർ സ്വദേശിയായ സഞ്ജയ്യെ എറണാകുളം നഗരത്തിൽ നിന്നു തന്നെയാണ് കൊച്ചി സെൻട്രൽ പോലീസ് പിടികൂടിയത്. കേസിൽ രണ്ടു പ്രതികളെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

തിരുവനന്തപുരം സ്വദേശിയായ ഡാനിഷ് (39), കൊല്ലം സ്വദേശിയായ പറവൂർ സ്വദേശിയായ രാഹുൽ (28) എന്നിവരാണ് പോലീസ് പിടിയിലായത്. ഇവർ മൂന്നു പേരും നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാണ്. ഇക്കഴിഞ്ഞ ബുധനാഴ്ച എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷന് എതിർവശത്തുള്ള കുറച്ച് കാലങ്ങളായി അടച്ചിട്ടിരുന്ന വ്യൂ മൗണ്ട് ഹോട്ടലിൽ വച്ചാണ് കേസിനാസ്പദമായ സംഭവം നടന്നത്.

ആൺസുഹൃത്തിനെ അടിച്ചു വീഴ്ത്തിയ ശേഷമാണ് മൂന്നു പ്രതികൾ യുവതിയെ ബലാത്സംഗം ചെയ്യാൻ ശ്രമിച്ചത്. മഴ നനയാതിരിക്കാനായാണ് യുവതിയും സുഹൃത്തും കെട്ടിടത്തിലേക്ക് കയറിയത്. അവിടെയിരുന്ന് സംസാരിക്കുന്നതിനിടെയാണ് മദ്യപിച്ച പ്രതികൾ പെൺകുട്ടിയെ ഉപദ്രവിക്കാൻ ശ്രമിച്ചത്. ആൺസുഹൃത്തിനെ അടിച്ചുവീഴ്ത്തിയ ശേഷം പെൺകുട്ടിയെ കത്തി കാണിച്ച് വിവസ്ത്രയാക്കുകയും ബലാത്സംഗം ചെയ്യാൻ ശ്രമിക്കുകയുമായിരുന്നു. ഇതിനിടെ പെൺകുട്ടി സമീപത്തെ കടയിലേക്ക് ഓടി രക്ഷപ്പെടുകയായിരുന്നു. സംഭവത്തിന് പിന്നാലെ പ്രധാന പ്രതിയായ സഞ്ജയ് ഒളിവിൽ പോയിരുന്നു. കൊച്ചിയിൽ എച്ച്ആർ മാനേജർ ആയി ജോലി ചെയ്യുകയായിരുന്ന എംബിഎ വിദ്യാർഥിനിയാണ് അതിക്രമത്തിന് ഇരയായത്. സംഭവത്തിന് ശേഷം കടുത്ത മാനസികാഘാതത്തിലായ യുവതി പരാതി നൽകാൻ വിസമ്മതിച്ചിരുന്നു. സെൻട്രൽ പോലീസ് മുൻകൈയെടുത്ത് കൗൺസിലിംഗ് നൽകിയ ശേഷമാണ് യുവതി പരാതി നൽകിയത്. സെൻട്രൽ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ജിജോയുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചാണ് അന്വേഷണം നടക്കുന്നത്.

# അസ്ഥികഷണവും വസ്ത്രത്തിൻെറ അവശിഷ്ടവും ലഭിച്ചു; പിതാവിനെയും സജി കൊന്നതായി സൂചന

ഇടുക്കി: നെടുങ്കണ്ടം ഇരട്ടക്കൊലക്കേസിലെ പ്രതി സജി കാണാതായ പിതാവിനെയും കൊന്ന് കുഴിച്ചിട്ടതായി സൂചന. വീടിൻറെ പരിസരത്ത് നടത്തിയ അന്വേഷണത്തിൽ അസ്ഥികഷണവും വസ്ത്രത്തിൻറെ അവശിഷ്ടവും പോലീസിന് ലഭിച്ചു

മാത്യുവിനെ കാണാതായ കേസിൽ സജിയെ പോലീസ് കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്തുവെങ്കിലും ഇയാൾ സഹകരിച്ചിരുന്നില്ല. തുടർന്ന് ലഭിച്ച സൂചനകളുടെ അടിസ്ഥാനത്തിലാണ് വീടിൻറെ പരിസരം കുഴിച്ച് പരിശോധിച്ചത്. 2018 മാർച്ചിലാണ് മാത്യുവിനെ കാണാതായത്.

പച്ചടി സ്വദേശി മേരിക്കുട്ടിയെയും മകൻ റെജിയെയും കൊന്നകേസിലാണ് ഇളയമകനായ സജി അറസ്റ്റിലായത്. രാത്രി മദ്യപിച്ചു എത്തിയ രണ്ടു പേരും തമ്മിൽ വാക്ക് തർക്കമുണ്ടായി. ഇതിനിടെ സജി റെജിക്ക് ഭക്ഷണം നൽകി. റെജി ഇത് തട്ടിത്തെറിപ്പിച്ചു. ഇതോടെ ദേഷ്യം വന്ന സജി സഹോദരനെ ക്രൂരമായി മർദിച്ചു.

തുടർന്ന് ഷൂസ് ഇട്ട കാൽ കൊണ്ട് കഴുത്തിൽ ചവിട്ടിപ്പിടിച്ചു. ബോധം പോയപ്പോൾ കഴുത്തിൽ തോർത്ത് മുറുക്കി കൊലപ്പെടുത്തുകയായിരുന്നു. ഇത് കണ്ടുകൊണ്ടെത്തിയ അമ്മ മേരിക്കുട്ടിയുടെ മുഖത്ത് പലതവണയിടിച്ചു. കൈയ്ക്ക് പിടിച്ച് കറക്കി ഭീതിയിലേക്ക് എറിഞ്ഞു.

മരിച്ചെന്ന് ഉറപ്പുവരുത്തിയ ശേഷം മൃതദേഹങ്ങൾ വീട്ടിലെ ചായിപ്പിലേക്ക് മാറ്റി ഗ്രീൻ ഷീറ്റ് കൊണ്ട് മറച്ചു. രണ്ട് ദിവസത്തിനു ശേഷം രാത്രി പറമ്പിൽ കുഴിച്ചുമൂടി. അതിന് ശേഷം ദിവസങ്ങളോളം ഒന്നും അറിയാത്ത പോലെ വീട്ടിൽ താമസിച്ചു വരികയായിരുന്നു.

തനിച്ചാണ് കുറ്റകൃത്യം ചെയ്തതെന്ന് സജി പോലീസിനോട് സമ്മതിച്ചിരുന്നു. വിവാഹം കഴിക്കാൻ തടസം നിന്നതും സ്വത്തു തർക്കവും സഹോദരൻ റെജി പിതൃത്വത്തെ ചൊല്ലി അപമാനിച്ചതുമാണ് കൊലപാതകത്തിന് കാരണമെന്നാണ് വെളിപ്പെടുത്തൽ.

# കേരളത്തിന് ഇനി വി. ഡി മതി; സതീശനായി ആലുവയിൽ അനൗൺസ്മെൻറും പ്രകടനവും

കൊച്ചി: വി. ഡി. സതീശനെ മുഖ്യമന്ത്രിയാക്കണമെന്ന് ആവശ്യപ്പെട്ട് ആലുവ കീഴ്മാട് ഭാഗത്ത് അനൗൺസ്മെൻറും പ്രകടനവും. കെ. സിയും ആർ. സിയും വേണ്ട, കേരളത്തിന് ഇനി വി. ഡി മതി എന്ന പോസ്റ്റർ പതിച്ച വാഹനത്തിൽ നിന്നാണ് അനൗൺമെൻറ് നടക്കുന്നത്. വൈകുന്നേരം 5.30ന് ആണ് കീഴ്മാട് ജംഗ്ഷനിൽ പ്രകടനം നടക്കാൻ പോകുന്നത്. അതിന് മുന്നോടിയായാണ് അനൗൺസ്മെൻറ് നടക്കുന്നത്. പടിഞ്ഞാക്കര ജംഗ്ഷൻ മുതൽ മഹിളാലയം വരെയാണ് വൈകിട്ട് പ്രകടന ജാഥ നടക്കുക. പട വെട്ടിയവർ ഭരിക്കട്ടെ എന്ന കുറിപ്പോടെയാണ് പ്രകടന ജാഥയുടെ പോസ്റ്റർ പ്രചരിപ്പിക്കുന്നത്. വ്യാഴാഴ്ച നെട്ടൂർ അടക്കം പ്രകടന ജാഥ നടത്തിയിരുന്നു. നേതാക്കൾ വിലക്കിയിട്ടും മുഖ്യമന്ത്രി ചർച്ച തെരുവിലേക്ക് എത്തിയതിൽ നേതൃത്വത്തിന് അതൃപ്തിയുണ്ട്. അതേസമയം, വി. ഡി. സതീശനെ മുഖ്യമന്ത്രിയാക്കണമെന്ന് ആവശ്യപ്പെട്ട് പ്രകടനങ്ങളും പ്രതിഷേധങ്ങളും വർധിക്കുകയാണ്. സതീശനെ മുഖ്യമന്ത്രിയാക്കണമെന്ന് ആവശ്യപ്പെട്ട് കോട്ടയത്ത് ദേഹത്ത് പെട്രോളൊഴിച്ച് പ്രവർത്തകൻ ആത്മഹത്യയ്ക്ക് ശ്രമിച്ചു. സതീശന് അനുകൂലമായി പ്രകടനം നടത്തിയതിൽ ഇടുക്കിയിൽ നാല് കോൺഗ്രസ് നേതാക്കൾക്കെതിരെ ഇടുക്കി ഡിസിസി നടപടിയെടുത്തു. പാർട്ടി ഹൈക്കമാൻഡിൻറെ നിർദേശം ലംഘിച്ച് പ്രകടനം നടത്തിയതിനാണ് നടപടി. ഇതിനിടെ പലയിടങ്ങളിലും കൂടുതൽ ഫ്ളകസുകളും ഉയർന്നിട്ടുണ്ട്.

# എൽഡിഎഫിന്റെ പരാജയകാരണം ഭരണവിരുദ്ധ വികാരമല്ല: കെ. രാജൻ

തൃശൂർ: എൽഡിഎഫിൻറെ പരാജയകാരണം ഭരണവിരുദ്ധ വികാരമല്ലെന്ന് സിപിഐ നേതാവും നിയുക്ത ഒല്ലൂർ എംഎൽഎയുമായ കെ. രാജൻ. വിമോചന സമരത്തിന് സമാനമായ പ്രവർത്തനം പിണറായി സർക്കാരിന് എതിരെ നടന്നു. മുഖ്യമന്ത്രിക്ക് എതിരായ പ്രചാരണം എറ്റെടുക്കാൻ സിപിഐ തയാറല്ലെന്നും കെ. രാജൻ പറഞ്ഞു. തിരുത്തലുകൾ വരുത്തിയും പഠിച്ചും ഇടതുപക്ഷ മുന്നണി തിരിച്ചു വരുമെന്നും രാജൻ വ്യക്തമാക്കി. പരാജയത്തിൻറെ ഉത്തരവാദി മുഖ്യമന്ത്രിയല്ലന്ന് സിപിഐ വ്യക്തമാക്കി കഴിഞ്ഞുവെന്ന് രാജൻ പറഞ്ഞു.

പരാജയവുമായി ബന്ധപ്പെട്ട മുഖ്യമന്ത്രിക്കെതിരായ പ്രചാരണങ്ങൾ ഏറ്റെടുക്കാൻ തങ്ങൾ തയ്യാറല്ല. ഭരണവിരുദ്ധ വികാരമാണ് പരാജയത്തിന് കാരണമെന്ന് അഭിപ്രായവും സിപിഐക്കില്ല. 59ലെ വിമോചന സമരത്തിന് തുല്യമായ നിലയിലുള്ള പ്രവർത്തനം സർക്കാരിനെതിരെ നടന്നു. അത് ഏത് നിലയിൽ വളർന്നു എവിടം വരെ പോയി എന്ന് അടക്കമുള്ള കാര്യങ്ങൾ ആഴത്തിൽ പഠിക്കും.

മുന്നണിക്കെതിരെ സംഘം ചേർന്നവരുടെ ചരിത്രവും പാരമ്പര്യവും വിശകലനത്തിന് വിധേയമാക്കുമെന്നും രാജൻ വ്യക്തമാക്കി. രും ദിവസങ്ങളിൽ പാർട്ടികൾക്കുള്ളിലും മുന്നണിക്ക് ഉള്ളിലും പ്രവർത്തകർക്ക് പറയാനുള്ള എല്ലാ കാര്യങ്ങളും കേൾക്കും. കേവലമായ വിലയിരുത്തുകൾ അല്ല തിരുത്തലുകൾ വരുത്തിയും പഠിച്ചും ഇടതുപക്ഷ മുന്നണി തിരിച്ചു വരുമെന്നും രാജൻ പറഞ്ഞു.

# ആര് വാഴും, ആര് വീഴും; നേതാക്കൾ ഹൈക്കമാൻഡിന് മുന്നിലേക്ക്

തിരുവനന്തപുരം: കോൺഗ്രസിലെ മുഖ്യമന്ത്രി ചർച്ച നിർണായക ഘട്ടത്തിലേക്കെന്ന് സൂചന. നിയുക്ത എംഎൽഎമാരെ കണ്ട എഐസിസി നിരീക്ഷകരായ അജയ് മാക്കനും മുകുൾ വാസ്നിക്കും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു. ഇതിൻറെ അടിസ്ഥാനത്തിൽ വി. ഡി. സതീശനെയും രമേശ് ചെന്നിത്തലയേയും സണ്ണി ജോസഫിനെയും ഡൽഹിക്ക് വിളിപ്പിച്ചു. നിലവിൽ കെ. സി. വേണുഗോപാൽ ഡൽഹിയിൽ തുടരുകയാണ്. ശനിയാഴ്ച നാലുനേതാക്കളെയും ഒരുമിച്ചിരുത്തി ചർച്ച നടത്തും. ഞായറാഴ്ച മുഖ്യമന്ത്രിയെ പ്രഖ്യാപിക്കുമെന്നാണ് സൂചന. അതിനിടെ എഐസിസി നിരീക്ഷകർക്ക് എംഎൽഎമാർ നൽകിയ നിർദേശങ്ങളെന്ന തരത്തിൽ പുറത്തുവന്ന ചിത്രം ശരിയല്ലെന്ന് മുകുൾ വാസ്നിക് പറഞ്ഞു. 63 കോൺഗ്രസ് സാമാജികരിൽ ഭൂരിപക്ഷത്തിൻറെയും പിന്തുണ കെ. സി. വേണുഗോപാൽ പക്ഷം അവകാശപ്പെടുന്നുണ്ട്. ഇത് ശരിവെക്കുന്നതാണ് പുറത്തുവന്ന ഹൈക്കമാൻഡ് നിരീക്ഷകരുടെ കൈവശമുള്ള പട്ടിക. 45ലേറെ പേരുടെ പിന്തുണ കെ. സി പക്ഷവും 35 ലേറെ എംഎൽഎമാരുടെ പിന്തുണ സതീശൻ പക്ഷവും അവകാശപ്പെടുന്നുണ്ട്. 23 എംഎൽഎമാരുടെ പിന്തുണയാണ് രമേശ് ചെന്നിത്തല പക്ഷം അവകാശപ്പെട്ടിരിക്കുന്നത്.

# കവടിയാർ അപകടം: ഡ്രൈവർ കസ്റ്റഡിയിൽ, ബിപി കൂടിയതാണെന്ന് മൊഴി

തിരുവനന്തപുരം: കവടിയാറിൽ ഒരാൾ മരിക്കാനിടയായ അപകടത്തിൽ കാർ ഡ്രൈവറെ കസ്റ്റഡിയിലെടുത്ത് പോലീസ്. കുറവൻകോണം സ്വദേശി മോഹൻ തോമസാണ് വാഹനം ഓടിച്ചത്. ബിപി കൂടി തനിക്ക് നിയന്ത്രണം നഷ്ടമായതാണ് അപകടത്തിന് കാരണമെന്നാണ് മോഹൻ മൊഴി നല്കിയത്. വാഹനങ്ങൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ നവവധുവായ പാലക്കാട് സ്വദേശി നൗഷിജ (24) മരിച്ചിരുന്നു. നിരവധി പേർക്ക് പരിക്കേറ്റു. നാല് കാറും രണ്ട് ബൈക്കുമാണ് കൂട്ടിയിടിച്ചത്. കാറിൻറെ അമിതവേഗമാണ് അപകടത്തിന് കാരണമെന്ന് നാട്ടുകാർ പറഞ്ഞു. അപകടമുണ്ടാക്കിയ കാറിൽ ഡ്രൈവർ മാത്രമാണ് ഉണ്ടായിരുന്നത്. നൗഷിജ, ഭർത്താവ് ആഷിക്, അലി അക്ബർ എന്നിവർ ഫുട്പാത്തിലൂടെ നടന്നുവരികയായിരുന്നു. അലി അക്ബർ ഫാഷൻ ഡിസൈനിംഗ് ഹാൻഡ് വർക്കർ ആണ്. അമിതവേഗത്തിൽ നിയന്ത്രണം തെറ്റിയെത്തിയ കാർ ആദ്യം ഫുട്പാത്തിലേക്ക് കയറുകയും പിന്നീട് മറ്റ് വാഹനങ്ങളിൽ ഇടിക്കുകയുമായിരുന്നു.

# കാറുപോലും വിറ്റു; തോൽവിയിൽ കണ്ണീരണിഞ്ഞ് കോവൂർ കുഞ്ഞുമോൻ

കൊല്ലം: കുന്നത്തൂർ മണ്ഡലത്തിലെ പരാജയത്തിൽ വികാരാധീനനായി കോവൂർ കുഞ്ഞുമോൻ. തെരഞ്ഞെടുപ്പ് ചെലവിനായി പണം കണ്ടെത്താൻ ആഗ്രഹിച്ചുവാങ്ങിയ കാറുപോലും വിറ്റു. പിണറായി വിജയൻ ഒരു കറുത്ത കാർ വാങ്ങിയപ്പോഴാണ് തനിക്കും കാർ വാങ്ങാൻ ആഗ്രഹമുണ്ടായത്. ചിട്ടിപിടിച്ചാണ് കാർ വാങ്ങാൻ പണം കണ്ടെത്തിയത്. മറ്റ് മണ്ഡലങ്ങളെ പോലെ അല്ല കുന്നത്തൂരിലെ സാഹചര്യം. പരാജയ കാരണം പരിശോധിക്കണമെന്നും അദ്ദേഹം പറഞ്ഞു. 25314 വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർഥി ഉല്ലാസ് കോവൂർ വിജയിച്ചത്.

കൊല്ലം ജില്ലയിലെ ഏക എസ്സി സംവരണ മണ്ഡലമാണിത്. 2001 മുതൽ 2021വരെ കോവൂർ കുഞ്ഞിമോൻ ആയിരുന്നു മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിൽ എത്തിയത്.

# കാസർഗോട്ട് വാഹനാപകടം; സ്കൂട്ടർ യാത്രികൻ മരിച്ചു

കാസർഗോഡ്: ലോറി സ്കൂട്ടറിൽ ഇടിച്ച് സ്കൂട്ടർ യാത്രികൻ മരിച്ചു. ചൂരികൊവ്വൽ സ്വദേശി പി. വി. കൃഷ്ണനാണ് മരിച്ചത്. കാസർഗോഡ് കാലിക്കടവിലാണ് സംഭവം. ചൂരികൊവ്വലിൽനിന്ന് കാലിക്കടവിലേക്ക് പോകുമ്പോഴാണ് അപകടം.